# പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 301 — 8-7-2008 - ൽ മറുപടിക്ക്

**ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പൊതു മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. ജെ.അരുന്ധതി**<br>**ശ്രീ. എം. ചന്ദ്രൻ**<br>**ശ്രീ. എം. ജെ. ജേക്കബ്**<br>**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**<br>**ശ്രീ. എ.സി. മൊയ്തീൻ** | **ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**മുഖ്യമന്ത്രി** |
| (എ) ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പൊതുമാനദണ്ഡം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ 10-9-2004 ലെ ജി.ഒ(പി) 12/04/പി& എ.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>പൊതുസ്ഥലംമാറ്റം വർഷത്തിലൊരിക്കൽ, മേയ് മാസത്തിൽ നടത്തണമെന്നും എന്നാൽ വെക്കേഷൻ കാലമുള്ള വകുപ്പുകളിൽ മദ്ധ്യവേനലവധിക്കാലത്താണ് സ്ഥലംമാറ്റം നടത്തേണ്ടതെന്നും പൊതുമാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരേ സ്ഥലത്ത് 3 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്ത ജീവനക്കാരെ സ്ഥലംമാറ്റരുതെന്നും എന്നാൽ മൂന്നുവർഷം പൂർത്തിയായെന്ന കാരണത്താൽ മാത്രം ജീവനക്കാരെ മാറ്റേണ്ട ആവശ്യമില്ലെന്നും വ്യവസ്ഥകളിലുണ്ട്. ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ഏതെങ്കിലും ജീവനക്കാരനെ സ്ഥലം മാറ്റേണ്ട ആവശ്യമുണ്ടെങ്കിൽ ഇക്കാര്യം |

സ്ഥലംമാറ്റ ഉത്തരവിൽ രേഖപ്പെടുത്തി ഗവൺമെന്റിന് ഏതു ഉദ്യോഗസ്ഥനെയും സ്ഥലം മാറ്റാവുന്നതാണ്.

അസുഖം മൂലമോ, അപകടം മൂലമോ അംഗവൈകല്യം ബാധിച്ച ജീവനക്കാർ, ഗുരുതരമായ രോഗമുള്ള കുടുംബാംഗങ്ങൾ ആശ്രിതരായിട്ടുള്ള ജീവനക്കാർ എന്നിവർക്ക് സഹതാപ പരിഗണന നൽകി സ്ഥലംമാറ്റം നൽകുവാനും വ്യവസ്ഥയുണ്ട്. പെൻഷനാവാൻ രണ്ട് വർഷത്തിൽ താഴെ മാത്രം സർവ്വീസുള്ളവർക്ക് അവർക്ക് താൽപര്യമുള്ള സ്ഥലത്ത് പോസ്റ്റിംഗ് നൽകണമെന്നും, ഭാര്യയ്ക്കും ഭർത്താവിനും കഴിയുന്നിടത്തോളം ഒരേ സ്ഥലത്തു തന്നെ പോസ്റ്റിംഗ് നൽകണമെന്നും വ്യവസ്ഥയുണ്ട്. ഒരേ സ്ഥലത്തേയ്ക്ക് കൂടുതൽ പേർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അന്യ സ്ഥലത്ത് ഏറ്റവും കൂടുതൽ കാലം ജോലി ചെയ്യവർക്കാണ് മുൻഗണന നൽകേണ്ടത്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, അംഗവൈകല്യമുള്ളവർ, മിശ്രവിവാഹിതർ, ഡിഫൻസ് സേവനം പൂർത്തിയാക്കിയവർ, ജവാന്മാരുടെ ബന്ധുക്കൾ, സ്വാതന്ത്ര്യ സമര സേനാനികളുടെ ഭാര്യ/ഭർത്താവ്, മകൻ/മകൾ, മാനസിക തകരാറുള്ള മക്കളുള്ളവർ, അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി, എന്നിവർക്ക് മുൻഗണന അനുവദിച്ചുകൊണ്ട് പൊതുമാന ദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പൊതുമാനദണ്ഡം ആവിഷ്കരിച്ചിട്ടില്ലാത്ത വകുപ്പുകളിൽ അതിനായി നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്ഥലം മാറ്റത്തിനുള്ള പൊതുമാനദണ്ഡം എല്ലാ വകുപ്പുകൾക്കും ബാധകമാണ്. പൊതു മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയും സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തും ഓരോ വകുപ്പുകൾക്കും പ്രത്യേകമായി ആവശ്യമുള്ള വ്യവസ്ഥകൾ രൂപപ്പെടുത്താമെന്നും പൊതു മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

(സി) സ്ഥലംമാറ്റത്തെ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എല്ലാ വകുപ്പദ്ധ്യക്ഷന്മാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പൊതുമാനദണ്ഡങ്ങൾക്കനുസൃതമായാണ് സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടത്. അപ്രകാരം ഉത്തരവു പുറപ്പെടുവിക്കുമ്പോൾ ഏതെങ്കിലും വിധത്തിലുള്ള അപാകത തോന്നിയാൽ ആ ഉത്തരവു പുന:പരിശോധിക്കുന്നതിനായി പരാതികൾ ബന്ധപ്പെട്ട വകുപ്പു മേധാവികൾക്ക് സമർപ്പിക്കാവുന്നതാണ്. സർക്കാരിൽ ലഭിക്കുന്ന ഇത്തരത്തിലുള്ള പരാതികളും നിയമാനുസൃതം പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കാറുണ്ട്.

(ഡി) ജവാന്മാരുടെ അടുത്ത ബന്ധുക്കൾക്ക് സ്വന്തം ജില്ലയിലേയ്ക്ക് മാറ്റം നൽകുന്നതിന് ഉദാര സമീപനം സ്വീകരിക്കുമോ?

ജവാന്മാരുടെ അടുത്ത ബന്ധുക്കൾക്ക് സ്വന്തം സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഇളവുകൾ നൽകി കൊണ്ടുള്ള ഉത്തരവുകൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 302

8. 07. 2008-ൽ മറുപടിയ്ക്ക്

## ഫിഷർമെൻ വെൽഫെയർ സൊസൈറ്റി പുനരുദ്ധരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.എം.മുരളി | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര ഫിഷർ മെൻ വെൽഫെയർ സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. | എ) സംസ്ഥാനത്ത് ഇപ്പോൾ ഫിഷർമെൻ വെൽഫെയർ സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല. |
| ബി) ഇവയിൽ എത്രയെണ്ണം പ്രവർത്തനരഹിതമായി കിടക്കുന്നു<br><br>സി) പ്രവർത്തന രഹിതമായി കിടക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളെ പുനരുദ്ധരിക്കാൻ ഉദ്ദേശമുണ്ടോ? | ബി) യും സി) യും<br><br>1984-ൽ മത്സ്യഫെഡ് രൂപീകൃതമായതിനുശേഷം എൻ.സി.ഡി.സി യുടെ നിർദ്ദേശ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾക്കുപകരമായി സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്ത് മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത 654 സംഘങ്ങൾ ഉൾപ്പെടെ ആകെ 748 പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.303. 8.7.2008- ൽ മറുപടിയ്ക്ക്

## കേന്ദ്രതീരപരിപാലന നിയമം

ചോദ്യം

ശ്രീ. വി.ഡി.സതീശൻ :

ശ്രീ.ടി.എൻ.പ്രതാപൻ :

ശ്രീ.ബി.ബാബുപ്രസാദ് :

മറുപടി

ശ്രീ.വി.എസ്.അച്ചുതാനന്ദൻ

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) കേന്ദ്രതീരപരിപാലന നിയമം നടപ്പാക്കുന്നതിന് ഫിഷറീസ്-ടൂറിസം വകുപ്പുകളുടെ ഏകോപന പ്രവർത്തനം നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; | (എ) ഇതിനാവശ്യമായ നടപടികൾ ശാസ്ത്ര സാങ്കേതികവകുപ്പ് സ്വീകരിച്ചുവരുന്നു. |
| (ബി) ഈ നിയമം നടപ്പാക്കുന്നതുസംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; | (ബി) കടലും കടൽത്തീരവുമായി പരമ്പരാഗത ബന്ധമുള്ള മത്സ്യത്തൊഴിലാളിസമൂഹത്തെ പാർശ്വവത്ക്കരിക്കുന്നതോ അവരുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്നതോ അവരോട് വിവേചനം പുലർത്തുന്നതോ ആയ ഒരു വ്യവസ്ഥയും **Coastal Management Zone** (CMZ) വിജ്ഞാപനത്തിൽ ഉണ്ടാകരുതെന്നാണ് സർക്കാരിൻെറ അഭിപ്രായം. പുതിയ കരട് CMZ വിജ്ഞാപനത്തിൽ, ടൂറിസം, നിർമ്മാണമേഖലകളിൽനിന്നുള്ള പുതിയ സംരംഭകർക്ക് തീരദേശവിഭവങ്ങളുടെയും തീരക്കടലിൻെറയും തീരഭൂമിയുടെയും ഉപയോക്താക്കളായി യഥേഷ്ടം കടന്നുവരാൻ അവസരമൊരുക്കുന്ന ഒട്ടേറെ പഴുതുകൾ ഉള്ളതിനാൽ, ഇന്നത്തെ തീരദേശ സമൂഹം പിഴുതുമാറ്റപ്പെടാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഇതിനെ ഫലപ്രദമായി ചെറുക്കുന്ന തരത്തിൽ പുതിയ കരടുവിജ്ഞാപനത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നതാണ് സർക്കാരിൻെറ നിലപാട്. |

| | |
|---|---|
| (സി) ഈ നിയമം നടപ്പാക്കുന്നതുസംബന്ധിച്ച് അഭിപ്രായ സമന്വയം രൂപീകരിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (സി) ശാസ്ത്രസാങ്കേതികവകുപ്പ് ഇതുസംബന്ധിച്ച് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. |
| (ഡി) ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്തുമോ ; | (ഡി) മത്സ്യബന്ധന മേഖലയിലെ വിവിധ സംഘടനാ പ്രതിനിധികളെ പങ്കെടുപ്പിച്ചു തിരുവനന്തപുരത്തും കൊച്ചിയിലുംവെച്ച് ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുടെ ആശങ്കയും അഭിപ്രായങ്ങളും കണക്കിലെടുത്ത് സംസ്ഥാനസർക്കാരിന്റെ നിർദ്ദേശങ്ങൾ 26-6-2008-ന് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തു. തീരദേശമാനേജ്മെന്റ് നിയമത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ച് സംസ്ഥാനസർക്കാർ 23-8-2007 -ൽതന്നെ കേന്ദ്ര വനം-പരിസ്ഥിതിവകുപ്പിന്റെ ചുമതലയുള്ള ശ്രീ.നമോ നാരായൺ മീണക്ക് കത്തെഴുതിയിരുന്നു. |
| (ഇ) തീരപരിപാലന നിയമത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ? | (ഇ) തീരപരിപാലന നിയമത്തെ സംബന്ധിച്ച കരട് വിജ്ഞാപനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 304 — 08.07.2008 ൽ മറുപടിയ്ക്ക്

ഭക്ഷ്യ എണ്ണ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം. ഹംസ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) ഇറക്കുമതി ചെയ്ത ഭക്ഷ്യ എണ്ണ കുറഞ്ഞ നിരക്കിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണയ്ക്ക് (പാമോയിൽ) കിലോ ഗ്രാമിന് 12 രൂപാ മുതൽ 15 രൂപ വരെ സബ്സിഡി അനുസരിച്ച് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.<br>ഒരു റേഷൻ കാർഡിന്/കുടുംബത്തിന് ഒരു കിലോ ഭക്ഷ്യ എണ്ണ നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ഗുണഭോക്താക്കളെ തീരുമാനിക്കേണ്ടത് അതത് സംസ്ഥാന സർക്കാരാണ്. ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള എം. എം. റ്റി. സി. , പി. ഇ. സി., എസ്. ടി. സി., നാഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾക്കായിരിക്കും കേന്ദ്ര സർക്കാർ സബ്സിഡി നൽകുക. ഓരോ സംസ്ഥാനവും അവശ്യമുള്ള ഭക്ഷ്യ എണ്ണ പൊതുമേഖലാ സ്ഥാപനത്തെ അറിയിക്കുകയും ശുദ്ധീകരിച്ച ഭക്ഷ്യ എണ്ണ (പാമോയിൽ) സ്ഥാപനത്തിൽ നിന്നും ഏറ്റെടുക്കേണ്ടതുമാണ്. |
| (ബി) എത്ര സംസ്ഥാനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (ബി) എം. എം. റ്റി. സി. യുടെ 12.06.08-ലെ ഇ-മെയിലിലെ വിശദാംശങ്ങൾ പ്രകാരം 16 സംസ്ഥാനങ്ങൾ / കേന്ദ്ര ഭരണ പ്രദേശങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്നു. |

.....2

(സി) കേരളത്തെ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) കേരളത്തെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെടുമോ ?

(സി) യും (ഡി) യും :

ഇറക്കുമതി ചെയ്യുന്ന പാമോലിൻ 20% വരെ സബ്സിഡി നല്കി വിതരണം ചെയ്യുന്നത് നാളികേര വില കുറക്കുമെന്നതിനാൽ, കേരകർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് കേരളത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെടാതിരുന്നത്. എന്നാൽ ഇതേ സബ്സിഡി കേരളത്തിലെ ഉല്പന്നമായ വെളിച്ചെണ്ണയ്ക്ക് അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : 305 — 08.07.2008-ൽ മറുപടിയ്ക്ക്

## ഉദ്യോഗ നിയമനത്തിൽ സാമ്പത്തിക സംവരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.ശക്തൻ<br>ശ്രീ.ജി.കാർത്തികേയൻ | ശ്രീ.വി.എസ്.അച്ച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉദ്യോഗ നിയമനത്തിൽ സംവരണം നൽകുവാൻ സർക്കാരിന് പരിപാടിയുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ)<br>(ബി) നിലവിൽ സംസ്ഥാനത്ത് 50% തസ്തികകളിലേയ്ക്ക് ഉദ്യോഗ സംവരണം നൽകി വരുന്നു. ഇന്ദിരാ സാഹ്നി Vs യൂണിയൻ ഓഫ് ഇൻഡ്യ കേസിൽ ബഹു.സുപ്രീംകോടതി സംവരണം 50% ആയി നിജപ്പെടുത്തിയിട്ടുണ്ടു്. മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു സംവരണം നൽകുന്നതു സംബന്ധിച്ച് പഠനം നടത്തുവാൻ കേന്ദ്ര സർക്കാർ നിയമിച്ച സാമ്പത്തിക പിന്നോക്ക വിഭാഗ കമ്മീഷൻ 2008-ജൂൺ മാസത്തിൽ കേരളം സന്ദർശിക്കുകയും സാമുദായിക സംഘടനകളുമായി ചർച്ചകൾ നടത്തുകയുമുണ്ടായി. എന്നാൽ ടി കമ്മീഷനിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ഇതു സംബന്ധിച്ച റിപ്പോർട്ടോ ശുപാർശകളോ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണു്. |

| | | |
|---|---|---|
| (സി) ഇതിനുവേണ്ടി നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശ്യമുണ്ടോ; | (സി) (ഡി) | ബാധകമല്ല. |
| (ഡി) ഉണ്ടെങ്കിൽ നിയമ നിർമ്മാണം എന്ന് നടത്തുമെന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 306

8. 07. 2008-ൽ മറുപടിയ്ക്ക്

## മത്സ്യലഭ്യത സംബന്ധിച്ച പഠനം

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി)

ശ്രീ.കെ.വി. അബ്ദുൾ ഖാദർ
ശ്രീ. എ.എം. ആരിഫ്
ശ്രീ. എ.പ്രദീപ് കുമാർ
ശ്രീ.എം.കെ.പുരുഷോത്തമൻ
ശ്രീ.ആർ.സെൽവരാജ്

എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലകളിലെ മത്സ്യലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

എ) കൊച്ചിയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ സംസ്ഥാനത്തെ കടൽ മത്സ്യബന്ധന മേഖലകളിൽ പഠനം നടത്തിയിട്ടുണ്ട്.

ബി) സുനാമിയ്ക്ക് ശേഷം മത്സ്യലഭ്യതയിൽ കുറവു വന്നിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ബി) ഇല്ല. വ്യക്തമാക്കാം

1. 2005 വർഷത്തിൽ മത്സ്യോല്പാദനത്തിൽ നേരിയ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് മത്സ്യലഭ്യതയിൽ വന്ന കുറവല്ല. മറിച്ച്, സുനാമിയിൽ മത്സ്യബന്ധന യാനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ സുനാമിയ്ക്ക് ശേഷം മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന യാനങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് മൂലമായിരുന്നു.
2. സുനാമിയ്ക്ക് ശേഷവും കാച്ച് പെർ യൂണിറ്റ് എഫർട്ട് (സി.പി.യു.ഇ)-ൽ കുറവില്ലായിരുന്നു.
3. സുനാമിയ്ക്ക് ശേഷം കുറച്ച് നാൾ സുനാമി ഭീതി മൂലവും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പോകാൻ ഭയപ്പെട്ടിരുന്നു.
4. സുനാമിയിൽ സർവ്വവും നഷ്ടപ്പെട്ട് മാനസികമായി തളർന്ന മത്സ്യത്തൊഴിലാളികൾ സാധാരണ നിലയിലെത്താനും വീണ്ടും മത്സ്യബന്ധനത്തിലേർപ്പെടാനും മാസങ്ങളെടുത്തു. ഇതും ഫിഷിംഗ് എഫർട്ട് കുറയുന്നതിനു കാരണമായി.
5. സുനാമിയെ തുടർന്നു മത്സ്യ ഉപഭോഗത്തിലും മത്സ്യവിലയിലും ഗണ്യമായ കുറവുണ്ടായതിനാൽ മത്സ്യബന്ധനത്തിലേർപ്പെടാൻ മത്സ്യത്തൊഴിലാളികൾക്ക് താൽപര്യക്കുറവുണ്ടായിരുന്നു. മേൽകാരണങ്ങൾ കൊണ്ട് കടലിൽ മത്സ്യലഭ്യതയിൽ കുറവില്ലായിരുന്നു എന്നാണ് മേൽപഠനം സൂചിപ്പിക്കുന്നത്.

സി) മത്സ്യോത്പാദനം കൂട്ടുന്നതിനും മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

സി) I മത്സ്യോല്പാദനം കൂട്ടുന്നതിന് ഫിഷറീസ് വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. തീരക്കടലിൽ മത്സ്യബന്ധന സമ്മർദ്ദം കൂടുതലായതിനാൽ സുസ്ഥിരത നിലനിർത്തുന്നതിനായി തീരക്കടലിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കുറച്ചു യന്ത്രവൽകൃതയാനങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിനായി മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി 2007-08-ൽ 100 ലക്ഷം രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷം 125 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

2. പരമ്പരാഗത യാനങ്ങളെ 'ഡോറി' മത്സ്യസമ്പ്രദായത്തിലൂടെ ആഴക്കടൽ മത്സ്യബന്ധനത്തിലേക്കു തിരിച്ചു വിടുന്നതിനായി സർക്കാർ 400 ലക്ഷം രൂപ മത്സ്യഫെഡിനു അനുവദിച്ചു നൽകിയിട്ടുണ്ട്.

3. മത്സ്യബന്ധനത്തിൽ ലഭിക്കുന്ന പാഴ് മത്സ്യങ്ങളെ കരയ്ക്കെത്തിച്ചു സംസ്കരിച്ച് ഉപയോഗയോഗ്യമാക്കി ഉൽപാദനം വർദ്ധിപ്പിക്കാനായി 'നളപാകം' എന്ന പേരിൽ ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. 2007-08 ൽ ഇതിനായി സർക്കാർ 99.5 ലക്ഷം രൂപ അനുവദിച്ചു നൽകി. ഈ വർഷം ഇത്തരം പദ്ധതികൾക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. വർണ്ണ മത്സ്യങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതിക്കുമായി കൊച്ചിയിൽ അക്വാടെക്നോളജി പാർക്ക് സ്ഥാപിക്കുന്നു.

5. കണ്ടൽകാടുകൾ മത്സ്യപ്രജനന കേന്ദ്രങ്ങളായതിനാൽ അവ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

6. തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് നിക്ഷേപിക്കുന്നുണ്ട്.

7. സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം കടലിൽ കൃത്രിമ പാരുകൾ ഇട്ട് മത്സ്യസങ്കേതങ്ങളാക്കി മാറ്റുന്നതിനും മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

8. മത്സ്യ വിഭവ പരിപാലനത്തിനായി വലക്കണ്ണി നിയന്ത്രണവും ട്രോളിംഗ് നിരോധനവും നിലവിലുണ്ട്.

II മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

1. ആഴക്കടൽ മത്സ്യബന്ധന പദ്ധതി
2. നളപാകം പദ്ധതിയിലൂടെ പാഴ് മത്സ്യങ്ങൾ ഉപയോഗയോഗ്യമാക്കി മാറ്റുമ്പോൾ മത്സ്യത്തൊഴിലാളിയുടെ വരുമാനം വർദ്ധിക്കുന്നു.
3. കൃത്രിമപാരുകൾ മത്സ്യസങ്കേതങ്ങളായി മാറുമ്പോൾ മത്സ്യലഭ്യത വർദ്ധിക്കുകയും വരുമാനം വർദ്ധിക്കുകയും ചെയ്യുന്നു.
4. മാസ്റ്റർ പ്ലാനിൽ അക്വേറിയൻ പരിഷ്കാരങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്. ഇത് പ്രാബല്യത്തിൽ വരുമ്പോൾ മസ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുന്നു.
5. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ലഭ്യതാ മേഖലകളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിന് മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇന്ധന ചെലവ് കുറയ്ക്കാനും വരുമാനം വർദ്ധിക്കാനും ഇത് സഹായകമാണ്.
6. NCDC യുടെ സഹായത്തോടെ മത്സ്യഫെഡ് വഴി സംയോജിത മത്സ്യ വികസന പദ്ധതി നടപ്പിലാക്കുന്നു.
7. സ്വയംതൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് സാഫ് വഴി 1000 മൈക്രോ പ്രോജക്ടുകൾ നടപ്പിലാക്കുന്നു.
8. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സംഘങ്ങൾക്ക് മത്സ്യ വിപണനത്തിന് വാഹനങ്ങൾ , ഫിഷ് കിയോസ്ക് , സീഫുഡ് കിച്ചൺ, സൂപ്പർമാർക്കറ്റുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.

| | |
|---|---|
| ഡി) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ സുരക്ഷക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഡി) 1. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സജീവ മത്സ്യത്തൊഴിലാളികളേയും സർക്കാർ ഇൻഷ്വർ ചെയ്തിട്ടുണ്ട്.<br>2. ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ ടെറിട്ടോറിയൽ കടൽ മേഖലയിൽ ഫിഷറീസ് വകുപ്പ് കടൽ സുരക്ഷാ പ്രവർത്തനം നടത്തിവരുന്നു.<br>3. മത്സ്യത്തൊഴിലാളികൾക്ക് സുനാമി അടിയന്തിര സഹായ/പുനരധിവാസ പദ്ധതി പ്രകാരം ISRO വികസിപ്പിച്ച ബീക്കൺ ഉൾപ്പെടെയുള്ള സുരക്ഷാ കിറ്റുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. പ്രകൃതിക്ഷോഭത്തെക്കുറിച്ചും പ്രതികൂല കാലാവസ്ഥയെക്കുറിച്ചും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>5. മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ഈ വർഷം സർക്കാർ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ -- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.307. 8.7.2008- ൽ മറുപടിയ്ക്ക്

## മത്സ്യസമ്പത്ത് കുറയുന്നത് പരിഹരിക്കാൻ നടപടി

ചോദ്യം
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ.കെ.ബാബു :
ശ്രീ.അടൂർ പ്രകാശ് :

മറുപടി
ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നമ്മുടെ തീരക്കടലിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നുണ്ടോ ; | (എ) വാള ഇനത്തിൽപ്പെട്ട മത്സ്യങ്ങളും കണവ ഇനങ്ങളും ഒഴികെ പ്രധാനപ്പെട്ട എല്ലാ മത്സ്യങ്ങളുടെയും മറ്റിനങ്ങളുടെയും ഉല്പാദനം കൂടിയതായിട്ടാണ് കേന്ദ്രസമുദ്ര മത്സ്യഗവേഷണസ്ഥാപനത്തിന്റെ പഠനം സൂചിപ്പിക്കുന്നത്. |
| (ബി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ; | (ബി) ചെറിയ ഏറ്റക്കുറച്ചിലുകൾ സർവ്വസാധാരണമാണ്. |
| (സി) ഇതിന് എപ്രകാരം പരിഹാരം കാണാൻ കഴിയും ; | (സി) ഇതൊരു പ്രതിസന്ധിയായി കരുതേണ്ടതില്ല. |
| (ഡി) കടലിലേയ്ക്ക് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് പദ്ധതിയുണ്ടോ ; | (ഡി) കടലിലേയ്ക്ക് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ട്. |
| (ഇ) എങ്കിൽ ഏതെല്ലാം ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെയാണ് കടലിലേയ്ക്ക് നിക്ഷേപിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ? | (ഇ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന 'സീറാഞ്ചിംഗ്' പദ്ധതിയിൽ കാര, നാരൻ എന്നീയിനങ്ങളിലുള്ള ചെമ്മീൻ കുഞ്ഞുങ്ങളെയാണ് പ്രധാനപ്പെട്ട അഴി, പൊഴി മുഖങ്ങളിൽ നിക്ഷേപിക്കുന്നത്. കേന്ദ്ര സമുദ്ര മത്സ്യഗവേഷണസ്ഥാപനത്തിന്റെ തമിഴ്നാട്ടിലുള്ള മണ്ഡപം കേന്ദ്രത്തിൽനിന്ന് |

| | |
|---|---|
| | പിനേയസ് സെമിസൾക്കാറ്റസ് (കുഴിക്കാര) ഇനത്തിൽപ്പെട്ട ചെമ്മീൻ കുഞ്ഞുങ്ങളെയും, പോർട്ടുനസ് പെലാജിക്കസ് (കാവാലി ഞണ്ട്) എന്നിവയെയും കടലിൽ നിക്ഷേപിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 308 — 08-07-2008-ൽ മറുപടിയ്ക്ക്

" പതിനൊന്നാം പഞ്ചവത്സര പദ്ധതി"

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കു വേണ്ടി ആകെ എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) | പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കു വേണ്ടി 40422 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | സംസ്ഥാന സർക്കാരിന്റെ തനതു വരുമാനം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ, ഗ്രാന്റ്, വിദേശസഹായ പദ്ധതികൾക്കു വേണ്ടിയുള്ള വായ്പ, ഗ്രാന്റ്, അധികകേന്ദ്ര സഹായം, സാധാരണ കേന്ദ്രസഹായം, കടപ്പത്രം, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നുള്ള വായ്പ എന്നിവ മുഖേന പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കു വേണ്ടിയുള്ള അടങ്കൽ തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് ഗ്രാന്റായും ലോണായും എത്ര തുക ലഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) | പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കു വേണ്ടി കേന്ദ്രത്തിൽ നിന്നും ഗ്രാന്റിനത്തിൽ 3175.65 കോടി രൂപയും വായ് പയിനത്തിൽ 7529.87 കോടി രൂപയും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഈ കാലയളവിൽ വിദേശ വായ്പയെടുക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ? | (ഡി) | പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിദേശ സഹായ പദ്ധതികൾക്കു വേണ്ടി നീക്കി വെച്ചിട്ടുള്ള തുക 4861 കോടി രൂപയാണ്. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ പ്രകാരം 2632.75 കോടി രൂപ വിദേശസഹായ പദ്ധതികൾക്കായി വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഓരോ വാർഷിക പദ്ധതിയോടനുബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായും ആസൂത്രണ കമ്മീഷനുമായും നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ മേൽ വിഹിതത്തിൽ വ്യത്യാസം വരാൻ സാദ്ധ്യതയുണ്ട്. |

സെക്ഷൻഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 309

8-7-2008-ൽ
മറുപടിയ്ക്ക്

**ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ:<br>" കെ.കെ.ദിവാകരൻ:<br>" കെ.വി.കുഞ്ഞിരാമൻ:<br>" എം.എം.മോനായി:<br>" വി.ശശികുമാർ: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബഹുമുഖ കർമ്മ പരിപാടികൾ സർക്കാർ നടപ്പിലാക്കിവരുന്നു. വകുപ്പിന്റെ കാലോചിതമായ നവീകരണത്തിനായി (കെ.കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം) വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി നിരവധി തവണ യോഗങ്ങൾ കൂടി പ്രവർത്തന പുരോഗതി വിലയിരുത്തുകയും പരിഹരിക്കാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മുതിർന്ന ഉദ്യോഗസ്ഥന്മാരുടെ പ്രാദേശിക തലത്തിലുള്ള നിരീക്ഷണ സംവിധാനം, ശക്തിപ്പെടുത്തിയിട്ടുണ്ട്. വാർത്താ വിതരണം, മാധ്യമ അവലോകനം, പൊതുജനാഭിപ്രായ സമാഹരണം, പ്രദർശനങ്ങൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം, വിതരണം, സാംസ്കാരിക പ്രവർത്തനങ്ങൾ, പരസ്യ നിർമ്മാണം, പ്രസിദ്ധീകരണം, വീഡിയോ ചിത്ര നിർമ്മാണം തുടങ്ങി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടും കൂടുതൽ ജനോപകാരപ്രദമായ രീതിയിലും നടപ്പാക്കാൻ വേണ്ട നിരന്തര |

പ്രവർത്തനങ്ങൾ വകുപ്പ് നിർവഹിച്ചുവരുന്നു. വിവിധ സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ പൊതു ജനങ്ങൾക്ക് ലഭിക്കുന്നതിനും വികസന ഭരണ സംബന്ധിയായ കാര്യങ്ങളിൽ ജനാഭിപ്രായം അറിയിക്കുന്നതിനുമുള്ള സുതാര്യ കേരളം പരിപാടി വകുപ്പിന്റെ നേതൃത്വത്തിൽ പുനരാരംഭിച്ചു. കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുകയും ഇത് കൂടുതൽ പ്രവർത്തന മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലുകളിലൂടെ എന്തെല്ലാം വിവരങ്ങളാണ് ലഭ്യമാക്കുന്നത്; | (ബി) സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിൽ സർക്കാരിന്റെ ഔദ്യോഗിക വിവരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. അതനുസരിച്ച് ലജിസ്ലേച്ചർ, ജുഡിഷ്യറി, എക്സിക്യൂട്ടീവ് മേഖലകളെ സംബന്ധിച്ച് പൊതുജനം അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ വെബ് പോർട്ടലിൽ നൽകിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, അവയുടെ ഘടന, സേവനങ്ങൾ, പ്രധാന ഔദ്യോഗിക വ്യക്തികൾ, അവരുടെ വിലാസം, ഫോൺ നമ്പരുകൾ, പ്രധാന ഉത്തരവുകൾ, നയങ്ങൾ, ടെണ്ടറുകൾ പ്രസിദ്ധീകരണങ്ങൾ, പത്രക്കുറിപ്പുകൾ തുടങ്ങിയവ വെബ് പോർട്ടലിൽ ലഭ്യമാണ്. വിവിധ സർക്കാർ വെബ് സൈറ്റുകളിലേക്കുള്ള ലിങ്കുകളും ഔദ്യോഗിക വെബ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരള ഗസറ്റ്, സർക്കാരിന്റെ പ്രധാന പദ്ധതികൾ, പരാതി പരിഹാര സംവിധാനം, ജില്ലകളെക്കുറിച്ചുള്ള വിവരങ്ങൾ, വിവിധ വകുപ്പുകളെ കുറിച്ചുള്ള സംശയങ്ങൾക്കുള്ള മറുപടി എന്നിവയും പോർട്ടലിലുണ്ട്. |
| (സി) വകുപ്പിന്റെ പുന: സംഘടനയ്ക്കായി നിയോഗിച്ച കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണ്; ഇവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) കെ.കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. വകുപ്പിന്റെ കാലോചിതമായ നവീകരണത്തിനായി കെ.കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) വകുപ്പിന്റെ മൊബൈൽ എക്സിബിഷൻ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) മൊബൈൽ എക്സിബിഷൻ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വാഹനത്തിൽ ജനറേറ്റർ, എൽ.സി.ഡി. ടി.വി., ഡി.എൽ.പി. പ്രൊജക്ടർ തുടങ്ങിയ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുകയും യൂണിറ്റിന്റെ ആദ്യ പര്യടനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും ഗ്രാമങ്ങൾ തോറും സന്ദേശങ്ങൾ എത്തിക്കാൻ കാര്യക്ഷമമായ സംവിധാനങ്ങൾ ഇപ്പോൾ യൂണിറ്റിലുണ്ട്. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ആവിഷ്കരിക്കുന്ന ഫീൽഡ് പബ്ലിസിറ്റി പരിപാടികൾക്കു പുറമെ വിവിധ വകുപ്പുകളുടെ പ്രചാരണ ജോലികളും ഈ യൂണിറ്റ് ഉപയോഗിച്ച് നിർവ്വഹിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.310 — 8.7.2008 ൽ മറുപടിയ്ക്ക്

## കന്നുകാലി സമ്പത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാഴിക്കാടൻ:<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ.റോഷി അഗസ്റ്റിൻ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ച് സമഗ്രമായ സ്ഥിതി വിവരക്കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; | (എ) പതിനേഴാമത് കന്നുകാലി സെൻസസിൻെറ റിപ്പോർട്ട് പ്രസിദ്ധം ചെയ്തിട്ടുണ്ട്. 18-ാമത് കനേഷുമാരിയുടെ വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. |
| (ബി) എങ്കിൽ, എന്തൊക്കെ വിവരങ്ങളാണ് ശേഖരിച്ചു തയ്യാറാക്കിയിട്ടുള്ളത്; സമഗ്രമായ കണക്കുകൾ എപ്പോൾ മുതലാണ് ശേഖരിച്ചുതുടങ്ങിയത്; | (ബി) വളർത്തുപക്ഷി മൃഗാദികളുടെ സമഗ്രമായ എല്ലാ വിവരങ്ങളും ശേഖരിച്ചു തയ്യാറാക്കിയിട്ടുണ്ട്. 1919-20 വർഷത്തിലാണ് കന്നുകാലി സെൻസസ് തുടങ്ങിയത്. 18-ാമത് സെൻസസ്സിൽ വളർത്തുമൃഗങ്ങൾ, മറ്റുമൃഗങ്ങൾ എന്നിവയുടെ ജനുസ്സ് തിരിച്ചുള്ള വിവരങ്ങൾ, മത്സ്യകൃഷി, മത്സ്യബന്ധനം, അനുബന്ധതൊഴിലുകൾ എന്നിവയുടെ സമ്പൂർണ്ണ വിവരങ്ങളും, വിശദാംശങ്ങളും, കൂടാതെ തീറ്റപ്പുൽകൃഷി, അറവുശാലകളുടെ കണക്ക്, വെറ്ററിനറിസർവ്വീസിൻെറയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും വിവരങ്ങൾ, ലഭ്യത, കാലി വളർത്തൽ തൊഴിലായി സ്വീകരിച്ച കുടുംബങ്ങളുടെ എണ്ണം, കോഴിവളർത്തൽ അനുബന്ധതൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ വിരങ്ങളും ശേഖരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റിപ്പോർട്ടിൻെറ പകർപ്പുകൾ എല്ലാതദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ടോ; അതിൻെറ അടിസ്ഥാനത്തിൽ പ്രോജ ക്ടുകൾ രൂപപ്പെടുത്തി കന്നുകാലിസ മ്പത്ത് വികസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | 2003-ൽ നടത്തിയ പതിനേഴാമത് സെൻസസ് റിപ്പോർട്ട് ജില്ലാ മൃഗസം രക്ഷണ ആഫീസുകൾ വഴി വിത രണം നടത്തിയിട്ടുണ്ട്. 2007-ൽ നട ത്തിയ പതിനെട്ടാമത് സെൻസസി ൻെറ കണക്കുകൾ ക്രോഡീകരിച്ചു വരുന്നതേയുള്ളൂ, പ്രസിദ്ധീകരിച്ചി ട്ടില്ല. പഞ്ചായത്തുകൾക്ക് പ്രോജ ക്ടുകൾ തയ്യാറാക്കാൻ പ്രസ്തുത റിപ്പോർട്ടിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത ഡേറ്റായിൽ, കന്നുകാലിക ളുടെ പ്രധാനപ്പെട്ട രോഗങ്ങളേയും രോഗഹേതുക്കളേയും അവയുടെ നിർമ്മാർജ്ജന-പ്രതിരോധ മാർഗ ങ്ങളെ കുറിച്ചും ശാസ്ത്രീയമായി വിലയിരുത്തി രേഖപ്പെടുത്തിയിട്ടു ണ്ടോ; | (ഡി) | കന്നുകാലി സെൻസസിൽ രോഗങ്ങ ളെക്കുറിച്ചുള്ള വിവരം ശേഖരിക്കു ന്നില്ല. |
| (ഇ) | പ്രസ്തുത കണക്കുപ്രകാരം സംസ്ഥാ നത്തെ കന്നുകാലി സമ്പത്തിൻെറ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യ മാക്കുമോ? | (ഇ) | പതിനേഴാമതു കന്നുകാലി സെൻസ സിൻെറ റിപ്പോർട്ട് പ്രസിദ്ധീകരിച്ചി ട്ടുണ്ട്. ആയതുപ്രകാരമുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>പശുക്കൾ- 2122453.<br>എരുമകൾ-64618<br>ആട്- 1213173<br>കോഴികൾ-10991832.<br>താറാവ്-660609<br>പന്നി- 76452.<br>18-ാമത് കനേഷുമാരിയുടെ വിവര ങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കു ന്നതേയുള്ളൂ. |

Omanakumari

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 311      08-07-2008-ന് മറുപടി നൽകേണ്ടത്.

**' <u>വകുപ്പുകളുടെ തലവന്മാർ സെക്രട്ടേറിയറ്റിൽ നൽകുന്ന ഫയലുകൾ</u> '**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| എ). വിവിധ സർക്കാർ വകുപ്പുകളുടെ തലവന്മാർ സെക്രട്ടേറിയറ്റിലേയ്ക്കു നൽകുന്ന ഫയലുകൾ സെക്രട്ടേറിയറ്റിലെ ഏറ്റവും താഴെത്തട്ടുമുതൽ വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കേണ്ട ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ ;<br><br>ബി). ഇത്തരത്തിൽ വിവിധ തട്ടുകളിൽ പോകുന്നതുകൊണ്ടാണ് ഫയലുകളിൽ നടപടികൾ ഉണ്ടാകാൻ കാലതാമസം ഉണ്ടാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി). എങ്കിൽ ഫയലുകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (എ) യും (ബി) യും (സി) യും<br>വകുപ്പുതലവന്മാരിൽനിന്നും സെക്രട്ടേറിയറ്റിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ സെക്രട്ടേറിയറ്റ് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ചുവരുന്നുണ്ട്. വിവിധ തട്ടുകളിൽ പരിശോധിക്കുന്നതുകൊണ്ട് കാലവിളംബം വരുമെന്ന് കരുതുന്നില്ല. പ്രധാനപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ട സാഹചര്യങ്ങളിൽ ഫയലുകൾ പരിശോധിക്കുന്നതിനുള്ള തട്ടുകൾ കുറവുവരുത്തിക്കൊണ്ട് സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഫയലുകളിലെ കാലതാമസവും കുടിശ്ശികയും ഒഴിവാക്കുന്നതിനുമായി സെക്രട്ടേറിയറ്റിലെ നടപടിക്രമങ്ങൾ കൂടുതൽ ഫലപ്രദമാക്കുവാൻ കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലെ 218(14) ഖണ്ഡികയിൽ വ്യവസ്ഥ- |

| | |
|---|---|
| | ചെയ്തിട്ടുണ്ട്. ഫയലുകൾ പരിശോധിക്കുന്നതിലെ അപാകതകളും തീരുമാനമെടുക്കുവാനുള്ള കാലതാമസവും ഒഴിവാക്കാൻ എല്ലാ വിഭാഗം ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണെന്ന് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഫയലുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിനായി ഓരോ മാസവും നടത്തുന്ന സ്റ്റാഫ്മീറ്റിംഗിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. സ്റ്റാഫ്മീറ്റിംഗ് കൃത്യമായി കൂടേണ്ടതിന്റെയും പേഴ്സണൽ രജിസ്റ്റർ പരിശോധന സമയാസമയങ്ങളിൽ നടത്തേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് 23-02- 2008-ലെ 17221/എ.ആർ.13(2)/07/ഉ.ഭ.പ.വ. നമ്പരായി സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ ചീഫ്സെക്രട്ടറി നടത്തുന്ന സെക്രട്ടറിമാരുമായുള്ള പ്രതിമാസ മീറ്റിംഗിൽ വകുപ്പുകളുടെ ഓരോ മാസത്തേയും പ്രവർത്തനവിവരം അവലോകനം ചെയ്യുന്നുമുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 312 — 8–7–2008 ലെ മറുപടിക്ക്

## അച്ചടിക്കടലാസിന്റെ വിലവർദ്ധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ജയരാജൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.എം.എം.മോനായി: | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) അച്ചടിക്കടലാസിന്റെ വില വർദ്ധന ചെറുകിട ഭാഷാ പത്രങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| ബി) സംസ്ഥാനത്ത് ന്യൂസ് പ്രിന്റിന് എന്തുമാത്രം വില വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| സി) അച്ചടിക്കടലാസിന്റെ വില വർദ്ധനവ് തടയുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെടുമോ? | (സി) | ആവശ്യപ്പെട്ടിട്ടുണ്ട്. |

Jalaja B.S.
സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 313**

8..7..2008-ൽ മറുപടിക്ക്

## ന്യായവിലയ്ക്ക് പാൽ ഉല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു എം.എൽ.എ.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ.<br>ശ്രീ. ജി. കാർത്തികേയൻ എം.എൽ.എ. | ശ്രീ. സി. ദിവാകരൻ.<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) പുതിയതരം പാൽ വിതരണം ചെയ്യുന്നതിന് മിൽമയ്ക്ക് പദ്ധതിയുണ്ടോ;<br><br>(ബി) ഇതിനായി പുതിയ പ്ലാൻറ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) ഇതു സംബന്ധിച്ച് പദ്ധതിയൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (സി) കൊഴുപ്പു കൂടിയ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം സാധാരണക്കാർക്ക് ന്യായവിലയ്ക്ക് പാൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ? | (സി) കൊഴുപ്പു കൂടിയ സ്റ്റാൻഡേർഡൈസ്ഡ് (4.5% കൊഴുപ്പും 8.5% എസ്.എൻ.എഫും) പാൽ, മിൽമ ഇപ്പോൾ തന്നെ ഉപഭോക്താക്കളുടെ ആവശ്യാനുസരണം യഥേഷ്ടം വിപണനം നടത്തുന്നുണ്ട്. മിൽമയുടെ പാലും പാലുല്പന്നങ്ങളും ഇപ്പോൾ തന്നെ ന്യായ വിലയ്ക്കാണ് ലഭ്യമാക്കുന്നത്. കൊഴുപ്പ് കൂടിയ പാലുല്പാദനത്തിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 314 — 08-07-2008 ൽ മറുപടിയ്ക്ക്.

## കോഴിക്കോട് വിമാനത്താവളം

ചോദ്യം:
ശ്രീ.ജോർജ്.എം.തോമസ് :
ശ്രീ.കെ.ടി.ജലീൽ :
ശ്രീ.പി.കൃഷ്ണപ്രസാദ് :
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി.കെ.കെ.ലതിക :

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എ). 1988-ൽ പ്രവർത്തനമാരംഭിച്ച കോഴിക്കോട് വിമാനത്താവളം 16..02..2006-ൽ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 378 ഏക്കർ സ്ഥലത്താണ് പ്രസ്തുത വിമാനത്താവളം പ്രവർത്തിക്കുന്നത്. നിലവിലുള്ള ടെർമിനൽ കെട്ടിടത്തിന്റെ പുനരുദ്ധാരണവും വികസനവും ഏകദേശം 100 കോടി രൂപ മുടക്കി എയർപോർട്ട് അതോറിറ്റി നടത്തിയിട്ടുണ്ട്. കൂടാതെ 100 കോടി രൂപ മുടക്കി "റൺവേ" നീട്ടുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിമാനത്താവളത്തിലെത്തുന്ന 2400 ത്തോളം യാത്രികർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ക്രമീകരണങ്ങളും അവിടെയുണ്ട്.

(ബി). വിമാനത്താവള വികസനത്തിനായി കൂടുതൽ ഭൂമി ഏറ്റെടുത്തു നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി). ഉണ്ട്. വിമാനത്താവള വികസനത്തിനായി 137 ഏക്കർ ഭൂമി കൂടി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി). കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കൂടുതൽ ആഭ്യന്തര-അന്താരാഷ്ട്ര വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

(സി).ഈ വർഷം 5 അന്താരാഷ്ട്ര വിമാനക്കമ്പനികൾകൂടി ഇവിടെ നിന്ന് ഗൾഫ് മേഖലയിലേയ്ക്ക് സർവീസ് ആരംഭിച്ചിട്ടുണ്ട്. ആഭ്യന്തര മേഖലയിൽ ഒരു പ്രൈവറ്റ് വിമാനക്കമ്പനിയും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച സർവീസുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ – 315 8-7-2008ൽ മറുപടിക്ക്

പ്രവാസി ക്ഷേമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ.എം. യൂസഫ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസി കേരളീയകാര്യ വകുപ്പ് നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ് ; | (എ) വിദേശത്തുവച്ച് മരണമടയുന്ന പ്രവാസി കേരളീയരുടെ ഭൗതികശരീരം അവരുടെ ബന്ധുക്കളുടെ അപേക്ഷപ്രകാരം സ്വദേശത്ത് എത്തിക്കുന്നതിനും അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വിദേശ ങ്ങളിൽ അപകടങ്ങളിൽപ്പെടുന്നവരെയും, കാണാ താകുന്നവരെയും കണ്ടെത്തി നാട്ടിലെത്തിക്കുന്ന തിനും, വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ ശിക്ഷിക്കപ്പെട്ടും ശിക്ഷാവിധികാത്തും ദുരിത മനുഭവിക്കുന്നവരെയും, തൊഴിലുടമകളാൽ പീഡിപ്പിക്കപ്പെടുന്നവരെയും കണ്ടെത്തി നാട്ടി ലെത്തിക്കുന്നതിനും എംബസ്സികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്പോൺസർ മാരില്ലാതെ വരുന്ന സാഹചര്യത്തിലും, അവർ ഉത്തരവാദിത്വം കയ്യൊഴിയുന്ന അവസരങ്ങളിലും ബന്ധുക്കൾക്ക് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് |

സാമ്പത്തികശേഷിയില്ലാത്ത അവസരങ്ങളിലും ചില നിബന്ധനകൾക്കു വിധേയമായി നോർക്ക വകുപ്പ് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. വിദേശത്തെയും മറുനാടുകളിലെയും കേരളീയരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, നാട്ടിലെ ബന്ധുക്കൾക്കും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കുക, അനധികൃത റിക്രൂട്ടിങ്ങ് തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുക, കുവൈറ്റ് യുദ്ധാനന്തര നഷ്ട പരിഹാരത്തുക നേടിയെടുക്കാൻ സഹായിക്കുക മുതലായവയും നോർക്ക യുടെ സേവനങ്ങളിൽ പ്പെടുന്നു. കൂടാതെ വിദേശത്തുനിന്നും തിരിച്ചു വരുന്നവരെ പുനരധിവസിപ്പിക്കുക, പ്രവാസി കേരളീയരെ സംസ്ഥാനത്ത് നിക്ഷേപം നടത്തു ന്നതിന് പ്രേരിപ്പിക്കുക, പ്രവാസികൾക്ക് അടിയന്തിരസഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ (ഉദാ: ലബനോൻ പ്രശ്നം, മുംബൈ സ്ഫോടനം, ഒമാൻ ചുഴലിക്കൊടുങ്കാറ്റ്, മുതലായവ) അവർക്കു വേണ്ടുന്ന സഹായം നൽകുക എന്നിവയും നോർക്കയുടെ സേവന ങ്ങളിൽപ്പെടുന്നു. വിദേശത്ത് മരണമടയുന്ന നിർധനരായ കേരളീയരുടെ ആശ്രിതർക്കും, പ്രവാസി ജീവിതം മതിയാക്കി തിരിച്ചെത്തുന്ന സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കേരളീയർക്കും മരണാനന്തര സഹായം, ചികിത്സാ സഹായം, പെൺ കുട്ടികളുടെ വിവാഹത്തിനുള്ള സഹായം എന്നിവയ്ക്ക് നോർക്ക വകുപ്പു മന്ത്രിയുടെ ദുരിതാ

ശ്വാസ നിധിയായ 'സാന്ത്വന'ത്തിൽ നിന്ന് ധനസഹായം അനുവദിക്കുന്നുണ്ട്. പ്രവാസി കേരളീയർക്കായി പെൻഷൻ ഉൾപ്പെടെ ഒരു ക്ഷേമനിധി നടപ്പിലാക്കാനും, അവർക്ക് തിരിച്ചറിയൽ കാർഡ് നൽകാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി നോർക്ക റൂട്ട്സ് എന്ന കമ്പനി പ്രവർത്തിക്കുന്നുണ്ട്. വിദേശത്ത് തൊഴിലാളികളെ അയയ്ക്കുന്നതിന് റിക്രൂട്ട്മെന്റ് ഏജന്റായി പ്രവർത്തിക്കാനുള്ള ലൈസൻസ് നോർക്ക-റൂട്ട്സിന് ലഭിച്ചിട്ടുണ്ട്. വിദേശത്തു ജോലിതേടിപ്പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾവഴി സാക്ഷ്യപ്പെടുത്തി നൽകുന്നുണ്ട്. വിദേശത്ത് ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി ചെറുകിട തൊഴിൽസംരംഭ പദ്ധതികൾ (E.D.P) നോർക്ക-റൂട്ട്സിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്. വിദേശത്ത് തൊഴിൽതേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾക്കായി 'പ്രീ - ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം' എന്ന പരിശീലന പരിപാടിയും ആരംഭിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ പ്രഖ്യാപിക്കുന്ന പൊതു മാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി മതിയായ രേഖകളില്ലാതെ അവിടെ അനധികൃതമായി

കഴിയുന്ന കേരളീയരെ നാട്ടിലെത്തിക്കുന്നതിനായി നോർക്ക വകുപ്പ് സഹായം നൽകുന്നുണ്ട്. വിസാ തട്ടിപ്പിനിരയായും, മതിയായ രേഖകളില്ലാതെയും വിദേശങ്ങളിൽ ദുരിതമനുഭവിക്കുന്ന കേരളീയരെ രക്ഷപ്പെടുത്തി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട എംബസ്സികൾവഴി സ്വീകരിക്കുന്നുണ്ട്. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ ഫലപ്രദമായ ബോധവൽക്കരണം നടത്തുന്നതിനായി അഞ്ച് ലക്ഷം രൂപ 2007–08ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. `എന്റെ മലയാളം എന്റെ അഭിമാനം', `എന്റെ ഗ്രാമം–എന്റെ സ്വപ്നം', `പ്രവസി ഭാരതീയ ദിവസ്' എന്നീ പരിപാടികളും നടപ്പിലാക്കിവരുന്നു. നോർക്ക വകുപ്പിന്റെയും, നോർക്ക–റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ പ്രവാസിസംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഇക്കഴിഞ്ഞ ജനുവരി മാസം എറണാകുളത്തുവച്ച് `കേരളീയ പ്രവാസി സംഗമം' സംഘടിപ്പിക്കുകയുണ്ടായി. നോർക്ക വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടു വരാൻ ഉദ്ദേശിച്ചുകൊണ്ട് `നോർക്ക സെന്റർ' നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് കേരളീയരിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി നോർക്ക വെബ്സൈറ്റ് നിലവിലുണ്ട്. ഇതേ ഉദ്ദേശത്തോടെ നോർക്ക ന്യൂസ് ലെറ്ററും പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) നോർക്കയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) അർഹരായ കൂടുതൽ പ്രവാസി കേരളീയർക്ക്/ അവരുടെ ആശ്രിതർക്ക് പ്രയോജനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ എമർജൻസി റിപ്പാട്രിയേഷൻ ഫണ്ടിൽനിന്നും, സാന്ത്വന പദ്ധതിപ്രകാരവും ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ കൂടുതൽ ഉദാരമാക്കിക്കൊണ്ട് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ ഫലപ്രദമായ ബോധവത്ക്കരണം നടത്തുന്നതിനായി അഞ്ചുലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നോർക്കയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പ്രവാസി കേരളീയരുടെയും, തിരിച്ചെത്തിയവരുടെയും ക്ഷേമത്തിനായി രൂപം നൽകിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പ്രവാസി മലയാളികളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിനുമായി നോർക്കാവകുപ്പിന്റെയും നോർക്ക- റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ പ്രവാസി സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കേരളീയ പ്രവാസി സംഗമം 2008, ജനുവരി 2-3 തീയതികളിൽ എറണാകുളത്തുവച്ച് നടത്തുകയുണ്ടായി. കേരളത്തിന്റെ തനതായ സംസ്കാരം, പൈതൃകം, കല, സാഹിത്യം എന്നിവയുടെ ഉന്നമനത്തിനും, അവ വിദേശ കേരളീയരുടെ വരുംതലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിനുമായി വിദേശകേരളീയരുടെയും മറ്റു വകുപ്പുകളുടെയും സഹകരണത്തോടെ ഒരു ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കുന്നതിനായി

2008-09ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നേരത്തെ തന്നെ 'ഹെറിറ്റേജ് ഹോംസ്' സ്ഥാപിക്കുന്നതിനായി റവന്യൂ വകുപ്പ് നോർക്ക വകുപ്പിനു കൈമാറിയിട്ടുള്ള മാവേലിക്കര താലൂക്കിൽ കുന്ദമംഗലം വില്ലേജിലെ സർവ്വേ നമ്പർ 1/1, 1/8, 1/9, 1/10 & 1/11ൽപ്പെട്ട അഞ്ചേക്കർ സ്ഥലത്ത് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ കരട് തയ്യാറാക്കി വരുകയാണ്. പ്രവാസി കേരളീയരുടെ കുട്ടികൾക്കായി ഒരു ആഗോള യുവജനോത്സവം (ഗ്ലോബൽ യൂത്ത് ഫെസ്റ്റിവൽ) തിരുവനന്തപുരത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വിദേശത്തുവച്ച് കാണാതാകുന്ന മലയാളികളെ കണ്ടെത്തുന്നതിന് നോർക്ക സഹായിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനം വ്യക്തമാക്കുമോ;

(സി) ഉണ്ട്. കഴിഞ്ഞ രണ്ടുവർഷം, വിദേശത്തുവച്ചു കാണാതായ മലയാളികളെ കണ്ടെത്തുന്നതിനുള്ള 429 അപേക്ഷകളിന്മേൽ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിദേശ രാജ്യങ്ങളിൽ പ്രവാസികൾക്ക് അർഹമായ വേതനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(ഡി) ഇത് കേന്ദ്രസർക്കാർ വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട വിഷയമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 316

8. 07. 2008-ൽ മറുപടിയ്ക്ക്

## കൊച്ചി ഫിഷറീസ് ഹാർബറിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്. | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കൊച്ചി ഫിഷറീസ് ഹാർബറിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണിച്ചുവരുന്നത്. | എ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കൊച്ചിൻ തുറമുഖ ട്രസ്റ്റിന്റെ കീഴിലാണ് കൊച്ചി ഫിഷറീസ് ഹാർബർ പ്രവർത്തിക്കുന്നത്. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് പ്രത്യേക പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| ബി) സുനാമി ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് ഏതെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്; ഇവയിൽ ഏതെല്ലാം പണികൾ പൂർത്തിയായി; | ബി) സുനാമി ഫണ്ടിൽ നിന്നും ഇതിലേക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. |
| സി) ഈ ഹാർബറിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ജി.എൻ.ബൈയിംഗ് ഏജന്റ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ? | സി) പ്രസ്തുത നിവേദനം സർക്കാരിന് ലഭിക്കുകയും അത് കൊച്ചിൻ പോർട്ട് ട്രസ്റ്റിന് അനന്തര നടപടികൾക്കായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 317.**

8..7..2008-ൽ മറുപടിക്ക്

## സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന പാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ടി. അഹമ്മദ് അലി എം.എൽ.എ.<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന പാലിന്റെ സാമ്പിളുകൾ പരിശോധിച്ച് അവ നിശ്ചിത ഗുണനിലവാരമുള്ളവയാണെന്നും ശുദ്ധവും സുരക്ഷിതവുമാണെന്നും ഉറപ്പു വരുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എടുത്ത നടപടികൾ വിശദീകരിക്കുമോ; | (എ) സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന പാലിന്റെ സാമ്പിളുകൾ പരിശോധിച്ച് നിശ്ചിത ഗുണനിലവാരമുള്ളവയാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാനായി ക്ഷീര വികസന വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലയിലും ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ നിലവിലുണ്ട്. പാൽ പരിശോധന ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് 2 കോടി ചെലവിൽ ഒരു ആധുനിക പാൽ പരിശോധനാ ലബോറട്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കഴിഞ്ഞ ഓണക്കാലത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ഗുണനിലവാരമില്ലാത്ത പാലിന്റെ കടന്നുകയറ്റം തടയുവാനായി സംസ്ഥാനത്തെ നാല് അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാലിന്റെ സാമ്പിൾ പരിശോധന നടത്തി. സംസ്ഥാനത്ത് വില്പന നടത്തി വന്ന നിശ്ചിത ഗുണനിലവാരം പുലർത്താത്ത "ടേസ്റ്റ് മീ", "പാൽമ" എന്നീ രണ്ട് പാൽബ്രാൻഡുകളുടെ വില്പന സ്ഥിരമായി നിരോധിച്ചു. കൂടാതെ മിൽമ സംഭരിക്കുന്നതും മറ്റ് സംസ്ഥാന |

(.......... .............. 2)

ഫെഡറേഷനുകളിൽ നിന്നും വാങ്ങി വിപണനം ചെയ്യുന്നതുമായ പാലിന്റെ സാമ്പിളുകൾ മിൽമയുടെ ഡയറികളോടനുബന്ധിച്ചുള്ള ലബോറട്ടറികളിൽ പരിശോധനയ്ക്കു വിധേയമാക്കി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. വിപണനം ചെയ്യുന്ന പാലിന്റെ സാമ്പിളുകൾ ഓരോ മാസവും സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള റീജണൽ അനാലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ പാൽ ടാങ്കറുകൾ പിടിച്ചെടുത്ത് പോലീസിൽ റിപ്പോർട്ട് ചെയ്ത് നടപടികൾ സ്വീകരിക്കാൻ ഡയറി ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) അന്യ സംസ്ഥാനത്തു നിന്നും വന്ന രാസവസ്തു കലർന്ന അഞ്ച് ലോഡ് പാൽ പിടിച്ചെടുത്ത് സാമ്പിൾ പരിശോധിക്കാതെ തിരിച്ചയച്ച സംഭവത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

(ബി) ഓണക്കാലത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാലിന്റെ കടന്നു കയറ്റം തടയുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീര വികസന വകുപ്പ് 2007 ൽ പാൽ പരിശോധന ഏർപ്പെടുത്തിയത്. ആദ്യത്തെ സംരംഭമെന്ന നിലയിൽ പ്രാഥമിക പരിശോധനകൾ നടത്തുവാനുള്ള സൗകര്യമാണ് ചെക്ക് പോസ്റ്റുകളിൽ ഉണ്ടായിരുന്നത്. പരിശോധനയിൽ സോഡിയം കാർബണേറ്റ് എന്ന രാസവസ്തുവാണ് കണ്ടെത്തിയത്. വിശദമായ പരിശോധന നടത്തുവാനുള്ള സൗകര്യം വകുപ്പിന്റെ പാലക്കാട് ജില്ലയിലെ ആലത്തൂരിൽ മാത്രം ഉള്ളതിനാലും സാമ്പിളുകൾ പാലക്കാട് എത്തിച്ച് പരിശോധന നടത്തി ഫലം ലഭ്യമാക്കുന്നതുവരെ ചെക്ക് പോസ്റ്റിൽ പാൽ വാഹനം തടഞ്ഞിടുന്നത് പ്രായോഗികമല്ലാത്തതിനാലുമാണ്, പ്രാഥമിക പരിശോധനയിൽ മായം കലർന്നതാണെന്ന് സംശയം തോന്നിയ പാൽ സംസ്ഥാനത്ത് വില്പന നടത്താൻ അനുവദിക്കാതിരുന്നത്. പരിമിതമായ സൗകര്യങ്ങളും നിലവിലുള്ള നിയമ

ത്തിന്റെ പരിധിയിൽ നിന്നു കൊണ്ടും പൊതുജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയായിരുന്നു ലക്ഷ്യം. ഇപ്രകാരം ആലത്തൂർ ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചതിൽ മായം കലർന്നതായി ബോധ്യപ്പെട്ട "ടേസ്റ്റ് മീ", "പാൽമ" എന്നീ ബ്രാൻഡുകളുടെ വില്പന സംസ്ഥാനത്ത് സ്ഥിരമായി നിരോധിച്ചിരിക്കുകയാണ്. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -318 — 08.07.2008 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മരുന്നുകടകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. വേണുഗോപാൽ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ അലോപ്പതി മരുന്നുകടകൾ നടത്തുന്നുണ്ടോ ; എങ്കിൽ എത്ര എണ്ണം ; | (എ) ഉണ്ട്. വിവിധ ജില്ലകളിലായി 79 മരുന്നുകടകൾ നടത്തി വരുന്നു. |
| (ബി) ഇവയിലൂടെ വിൽക്കുന്നതിനുവേണ്ടി ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ എന്തു തുകയ്ക്കുള്ള മരുന്നുകൾ വാങ്ങി ; | (ബി) ഇവയിലൂടെ വില്പനയ്ക്കായി 2006-07-ൽ 33,94,90,470/- രൂപയ്ക്കും 2007-08-ൽ 40,05,12,042/- രൂപയ്ക്കും ഉള്ള മരുന്നുകൾ വാങ്ങിയിട്ടുണ്ട്. |
| (സി) ഇവ ഹോൾസെയിലിൽ വാങ്ങുമ്പോൾ എം. ആർ. പി.യിൽ എത്ര ശതമാനം കുറവുകിട്ടുമെന്നറിയിക്കുമോ ; | (സി) മാവേലി മെഡിക്കൽ സ്റ്റോറുകളിൽ സപ്ലൈകോയുടെ മെഡിക്കൽ ഹോൾസെയിൽ ഡിവിഷനിൽ നിന്നും നൽകുന്ന മരുന്നുകൾക്ക് 26% മുതൽ 29% വരെയും പ്രാദേശികമായി വാങ്ങുന്ന മരുന്നുകൾക്ക് 16% മുതൽ 19% വരെയും എം. ആർ. പി. യിൽ നിന്നും കിഴിവ് കിട്ടുന്നുണ്ട്. |
| (ഡി) ഇവ വിൽക്കുന്നത് എം. ആർ. പി. യിൽ എത്ര ശതമാനം കിഴിവു നൽകിക്കൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (ഡി) മാവേലി മെഡിക്കൽ സ്റ്റോറുകളിലൂടെ ജീവൻരക്ഷ ഔഷധങ്ങൾ 10 മുതൽ 12 % വരെ കിഴിവിലും ജനറിക് / സർജിക്കൽ മരുന്നുകൾ 10 മുതൽ 30 % വരെ കിഴിവിലുമാണ് വിൽക്കുന്നത്. കൂടാതെ ചിക്കുൻ ഗുനിയ പോലുള്ള പകർച്ചവ്യാധികൾ പടർന്നു പിടിച്ച കാലഘട്ടത്തിൽ ഇവയ്ക്കുള്ള മരുന്നുകൾ 60 % വരെ കിഴിവിലുമാണ് വിറ്റിരുന്നത്. |

സെക്ഷൻ ഓഫീസർ.

---

**പന്ത്രണ്ടാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 319

08.07.2008-ൽ മറുപടിക്ക്

**ഭക്ഷ്യോപദേശക കമ്മിറ്റിയുടെ ചുമതലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>" അൽഫോൺസ് കണ്ണന്താനം<br>" വി. ചെന്താമരാക്ഷൻ<br>" കെ. കുഞ്ഞിരാമൻ<br>" സാജു പോൾ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭക്ഷ്യോപദേശക കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണ്; | (എ) പൊതുവിതരണ സമ്പ്രദായത്തിന്റെ ശരിയായ രീതിയിലുള്ള പ്രവർത്തനം വിലയിരുത്തുക, ഉപഭോക്താക്കൾക്ക് ശരിയായ അളവിലും തൂക്കത്തിലും ഗുണമേന്മയിലും റേഷൻ സാധനങ്ങളും മറ്റും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക, ജില്ലാതല കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുക തുടങ്ങിയ ചുമതലകൾ നിറവേറ്റുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ഭക്ഷ്യോപദേശക കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. |
| (ബി) വിലക്കയറ്റവും, പൂഴ്ത്തിവയ്പ്പും തടയുന്നതിന് ഈ കമ്മിറ്റി ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (ബി) ഈ കമ്മിറ്റി ഇതിനകം തന്നെ നാല് തവണ യോഗം ചേരുകയും വിലക്കയറ്റവും പൂഴ്ത്തിവെയ്പ്പും തടയുന്നതിനായി ജില്ലാതല കമ്മിറ്റികളും സിവിൽ സപ്ലൈസ് വകുപ്പും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വിലക്കയറ്റം, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും പൊതു വിതരണ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ, പൊതു വിപണിയിൽ വിലനിലവാരം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ, പാചക വാതക വിതരണത്തിലെ അപാകതകൾ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ എന്നിവ വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്നതിനും അതുവഴി കരിഞ്ചന്തയും തിരിമറിയും തടയുന്നതിന് [illegible] നടപടികൾക്ക് നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം ഈ കമ്മിറ്റി എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; എന്തെല്ലാം ശുപാർശ കളും നിർദ്ദേശങ്ങളും നൽകി യിട്ടുണ്ട്; കമ്മിറ്റിയുടെ ഘടന വ്യക്തമാക്കുമോ; | (സി) സംസ്ഥാന ഭക്ഷ്യോപദേശക കമ്മിറ്റി 4 തവണ യോഗം ചേർന്നിട്ടുണ്ട്. പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് രൂപീകരിച്ച ജില്ലാതല വിജിലൻസ് കമ്മിറ്റികളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന കമ്മിറ്റി അംഗങ്ങൾക്ക് അവകാശം നൽകിയിട്ടുണ്ട്. അതുപോലെ കടകളിൽ നേരിട്ട് പരിശോധന നടത്തുന്നതിനും അവകാശങ്ങൾ നൽകി യിട്ടുണ്ട്. ഇതിനായി കമ്മിറ്റി അംഗങ്ങൾക്ക് ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡു സർക്കാരിൽ നിന്ന് വിതരണം ചെയ്തിട്ടുണ്ട്. പാചക വാതക വിതരണത്തിലെ അപാകതകൾ ഇല്ലാതാക്കുന്നതിനും പെട്രോൾ ബങ്കിലെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും ഓയിൽ കമ്പനി കൾക്കും ലീഗൽ മെട്രോളജി വകുപ്പിനും വിവിധ നിർദ്ദേശങ്ങൾ കമ്മിറ്റി നൽകി യിട്ടുണ്ട്. പൊതു വിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകി വരുന്നു.<br>സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ചെയർമാനായും ഭക്ഷ്യ വകുപ്പ് സെക്രട്ടറി കൺവീനറായും രൂപീകരിച്ചിട്ടുള്ള ഈ കമ്മിറ്റിയിൽ എം.എൽ.എമാർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ - സാമൂഹിക, ഉപഭോക്തൃ സംഘടനകളുടെ പ്രതിനിധികൾ, സാമൂഹ്യ ക്ഷേമ വകുപ്പ്, പട്ടികജാതി, പട്ടിക വർഗ്ഗ വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നീ വകുപ്പ് സെക്രട്ടറിമാരും കേന്ദ്രസർക്കാരിന്റെ പൊതുവിതരണ വകുപ്പിന്റെ കേരളത്തിലേയ്ക്ക് നാമ നിർദ്ദേശം ചെയ്തിട്ടുള്ള ഏരിയ ഓഫീസറും എഫ്.സി.ഐ.യുടെ സീനിയർ മാനേജരും സിവിൽ സപ്ലൈസ് വകുപ്പിലെ കമ്മീഷണറും ഡയറക്ടറും വിവിധ ഓയിൽ കമ്പനി പ്രതിനിധികളും ലീഗൽ മെട്രോളജി കൺട്രോളറും സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും അംഗങ്ങളാണ്. |
| (ഡി) | താലൂക്ക് തല ഭക്ഷ്യോപദേശക സമിതികളുടെ രൂപീകരണം പൂർത്തി യായിട്ടുണ്ടോ; ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) പൂർത്തിയായിട്ടില്ല. താലൂക്ക് തലങ്ങളിൽ ഭക്ഷ്യോപദേശക സമിതികൾ രൂപീകരിച്ചു പ്രവർത്തന സജ്ജമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

———— ————

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 320

8.7.2008 ൽ
മറുപടിയ്ക്ക്

**ഹോട്ടലുകളിലെ ആഹാര സാധനങ്ങളുടെ വിലവർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി ;<br>ശ്രീ. കെ.കെ. ജയചന്ദ്രൻ ;<br>ശ്രീ. എം.ജെ. ജേക്കബ് ;<br>ശ്രീ. എസ്. രാജേന്ദ്രൻ ;<br>ശ്രീ. സി.കെ. സദാശിവൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഹോട്ടലുകളിൽ ആഹാര സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഹോട്ടൽ നടത്തിപ്പിന്റെ ചെലവിനനുസൃതമായി ആഹാരസാധനങ്ങളുടെ വില കൂടിയിട്ടുണ്ട്. എന്നാൽ ക്രമാതീതമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി) ഹോട്ടലുകളിലെ ഭക്ഷണവില നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹോട്ടലുടമകളുടെ സംഘടനാ ഭാരവാഹികളുമായും വ്യാപാര വ്യവസായ പ്രതിനിധികളുമായും ചർച്ച നടത്തി ഒരു സമവായം ഉണ്ടാക്കുകയും, പരിശോധനകളും റെയ്ഡുകളും നടത്തുകയും. ഭക്ഷ്യോപദേശക വിജിലൻസ് സമിതി, മോണിറ്ററിംഗ് സെൽ എന്നിവയുടെ യോഗങ്ങൾ കൂടി വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. |
| സി) വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | സി) വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലകൾതോറും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഹോട്ടൽ ആന്റ് റസ്റ്റോറന്റ് ഉടമ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്തുവരുന്നു. |
| ഡി) വിലവിവരപ്പട്ടിക ശരിയായ രീതിയിൽ പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കുമോ ? | ഡി) വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുടമകൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 321 — 08.07.2008-ൽ മറുപടിക്ക്

**<u>എൻ. ആർ.ഐ. സെല്ലിന്റെ പ്രവർത്തനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം:<br>ശ്രീ. ബാബു. എം. പാലിശ്ശേരി:<br>ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. കെ.സി. രാജഗോപാലൻ: | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| (എ) വിദേശമലയാളികളുടെ നാട്ടിലുള്ള ബന്ധുജനങ്ങൾക്കും സ്വത്തിനും സംരക്ഷണം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള എൻ. ആർ.ഐ. സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) എൻ. ആർ. ഐ. സെല്ലിൽ ലഭിക്കുന്ന പരാതികളിൽ അടിയന്തിര അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിനും നടപടികളെ സംബന്ധിച്ച് നിയമോപദേശം നൽകുന്നതിനും, പരാതികളിൽ ലോക്കൽ പോലീസ് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നു എന്ന് എൻ. ആർ. ഐ. സെൽ ഉറപ്പു വരുത്തുന്നു. ഗൾഫ് രാജ്യങ്ങളിലേക്ക് ജോലിയ്ക്കായി പോകുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് നോഡൽ ഓഫീസറായി എൻ. ആർ. ഐ. സെൽ പോലീസ് സൂപ്രണ്ടിനെ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) എൻ. ആർ.ഐ. സെല്ലിൽ ലഭിക്കുന്ന പരാതികളിൽ അടിയന്തിര പരിഹാരം ഉണ്ടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) എൻ. ആർ. ഐ. സെല്ലിൽ ലഭിക്കുന്ന പരാതികൾ പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ രൂപീകൃതമായിട്ടുള്ള പ്രത്യേക അന്വേഷണ സംഘം വേഗത്തിൽ അന്വേഷിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട അവസരങ്ങളിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ സെല്ലിൽ എത്ര പരാതികളാണ് പരിഹാരം കാണാനായി ബാക്കിയുള്ളത്; | (സി) | എൻ. ആർ. ഐ. സെല്ലിൽ 2006, 2007, 2008 എന്നീ വർഷങ്ങളിൽ ലഭിച്ച 1107 പരാതികളിൽ 277 പരാതികൾ തീർപ്പ് കല്പിക്കേണ്ടതായിട്ടുണ്ട്. |
| (ഡി) | പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനു നോർക്ക വകുപ്പ് നടപടി സ്വീകരിക്കുമോ; | (ഡി) | നോർക്ക വകുപ്പിൽ എംബസികൾ വഴിയും വിദേശ കേരളീയരിൽ നിന്നും ലഭിക്കുന്ന പരാതികൾ സത്വരനടപടിക്കും റിപ്പോർട്ടിനുമായി ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ഈ വിവരം പരാതിക്കാരെ അറിയിക്കുകയും ചെയ്തു വരുന്നു. പരാതിയിന്മേൽ റിപ്പോർട്ട് ലഭിക്കുമ്പോൾ പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുന്നു. |
| (ഇ) | എൻ. ആർ. ഐ. സെൽ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | വിദേശമലയാളികളുടെ നാട്ടിലെ സ്വത്തിനും അവരുടെ ബന്ധുക്കളുടെ ജീവനും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ജില്ലാ പോലീസ് അധികാരികളുമായി ചേർന്ന് എൻ. ആർ. ഐ. സെൽ നടപടികൾ എടുക്കുന്നുണ്ട്. ആയതിനാൽ എൻ. ആർ. ഐ. സെൽ എല്ലാ ജില്ലകളിലും ആരംഭിക്കേണ്ടതില്ല. |

Vilasini P.R

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - എട്ടാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 322 — 8/7/2008 -ൽ മറുപടിയ്ക്ക്

# പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.വി.ജെ.തങ്കപ്പൻ
ശ്രീമതി.പി.അയിഷാപോറ്റി
ശ്രീ.സി.എം.ദിനേശ് മണി

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് പത്താം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പാക്കുന്നതിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പതിനൊന്നാം പദ്ധതിയിൽ ഈ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(എ) & (ബി) പതിനൊന്നാം പദ്ധതി രൂപീകരണത്തിനു മുന്നൊരുക്കമെന്ന നിലയിൽ പത്താം പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിശദമായ അവലോകനങ്ങളും വിലയിരുത്തലുകളും നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പത്താം പദ്ധതി നടത്തിപ്പിൽ ഉണ്ടായ വീഴ്ചകൾ കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്. അതിൽ പ്രധാനമായിട്ടുള്ളത് ധന ഉത്തരവാദിത്വ ആക്റ്റ് നടപ്പാക്കിയതിന്റെ സാഹചര്യത്തിൽ, ധനകമ്മി മാർച്ച് 2007 ഓടെ 2 ശതമാനമായി കുറച്ചു കൊണ്ടുവരുന്നതിന് വേണ്ടി പദ്ധതി ചെലവിൽ വളരെയധികം വെട്ടിച്ചുരുക്കലുകൾ വരുത്തിയിട്ടുണ്ട്. പദ്ധതികാലയളവിലെ ചെലവ് പത്താം പദ്ധതിയുടെ അടിസ്ഥാനവർഷത്തിൽ വിഭാവനം ചെയ്ത അടങ്കലുമായി താരതമ്യം ചെയ്താൽ 75 ശതമാനം ചെലവുപോലും ഉണ്ടായിട്ടില്ലെന്ന് കാണാം. അതുപോലെ ഈ

കാലയളവിൽ നികുതിയും സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം പതിനൊന്ന് (11%) ശതമാനത്തിലും അൽപം ഉയർന്ന് വളർച്ചാനിരക്കിൽ തന്നെ തുടരുകയാണുണ്ടായത്. പദ്ധതി വെട്ടിച്ചുരുക്കലിന്റെ ഫലമായി, സാമൂഹ്യക്ഷേമ പദ്ധതികൾക്കും, അതുപോലെ ചെറുകിട മേഖലയിലെ ഉൽപാദകരെ പ്രത്യേകിച്ചും പ്രതികൂലമായി ബാധിച്ചുവെന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിന് പ്രധാനമായും ചെറുകിട മേഖലയിലെ ഉൽപാദനത്തെ പരിപോഷിപ്പിക്കുന്നതിന് കൃഷി, പരമ്പരാഗത വ്യവസായം എന്നീ മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടാണ് 11-ാം പദ്ധതിയിലെ കരട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഇതു കൂടാതെ, സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ഒട്ടും പ്രാധാന്യം കുറയ്ക്കാതെ തന്നെ ആധുനിക വ്യവസായം, പശ്ചാത്തല വികസനം, വിനോദസഞ്ചാരം, വിവരസാങ്കേതികവിദ്യ എന്നിവയ്ക്കും മുൻഗണന നൽകിയിട്ടുണ്ട്. ആസൂത്രണകമ്മീഷന്റെ അംഗീകാരം ലഭിച്ച ശേഷം മാത്രമേ പദ്ധതിയുടെ പൂർണ്ണരൂപം നിജപ്പെടുത്താൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും 11-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ രണ്ടു വാർഷിക പദ്ധതികളിലും 11-ാം പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടുന്നതിനെ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) വാർഷിക പദ്ധതി വെട്ടിക്കുറക്കുന്ന സാഹചര്യം ഇല്ലാതാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) വാർഷിക പദ്ധതി വെട്ടിക്കുറയ്ക്കുന്ന സാഹചര്യം നിലവിലില്ല. വാർഷികപദ്ധതി വെട്ടിക്കുറയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. ആയതിലേയ്ക്കായി വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് നികുതി പിരിവ് ഊർജ്ജിതമാക്കൽ, ചെക്ക് പോസ്റ്റുകളുടെ നവീകരണം, വിവിധ സർക്കാർ വകുപ്പുകളുടെ പരിഷ്കരണം, നികുതിയേതരവരുമാനം കൂട്ടുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്പനനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭൂമിയുടെ ഫെയർവാല്യൂ നിർണ്ണയിക്കുന്നതിനും അതുവഴി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സാമ്പത്തികഭദ്രത ലക്ഷ്യമിട്ട് ചെലവിനങ്ങളിലെ ചോർച്ച തടയാൻ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഭാവിയിലെ കടബാധ്യത വീട്ടുന്നതിലേയ്ക്കായി രൂപീകരിച്ച കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ടിലേയ്ക്ക് എല്ലാവർഷവും പ്രത്യേകം തുക മാറ്റി വയ്ക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 100 ശതമാനം പദ്ധതി ചെലവാണ് ലക്ഷ്യമിടുന്നത്. ഇത് ഉറപ്പുവരുത്തുന്നതിനായി 8/5/2008-ലെ 18/8/ധന നമ്പർ സർക്കുലറിലൂടെ എല്ലാ വകുപ്പു മേധാവികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പ്രകാരം സാമ്പത്തികവർഷത്തെ 4 പാദങ്ങളായി തിരിച്ച് ഓരോ പാദത്തിലും നിശ്ചിത ശതമാനം പദ്ധതി ചെലവ് കൈവരിക്കണം എന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഒന്നാം പാദത്തിൽ 10 ശതമാനം ലക്ഷ്യം കൈവരിക്കണം. രണ്ടാം പാദത്തിലും മൂന്നാം പാദത്തിലും പദ്ധതി ചെലവ്

| | | |
|---|---|---|
| | | യഥാക്രമം 30 ശതമാനവും 60 ശതമാനവുമാകണം. അവസാന പാദത്തിൽ പദ്ധതി അടങ്കലിന്റെ 40 ശതമാനം മാത്രമേ ചെലവഴിക്കാനുണ്ടാകാവൂ എന്നുമുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. പദ്ധതി ചെലവ് ലക്ഷ്യം കൈവരിക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം (ഡി) പ്രതീക്ഷിച്ച രീതിയിൽ വർദ്ധച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം പ്രതീക്ഷിച്ച രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. 31/3/2008-ലെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുപ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2007-08 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 97.44 % ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

---------

**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *323** 8.7.2008-ൽ മറുപടിയ്ക്ക്

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. യൂസഫ്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീമതി.കെ.എസ്. സലീഖ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.ടി.എ. റഹീം | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കഴിഞ്ഞ രണ്ടു വർഷം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കഴിഞ്ഞ രണ്ടു വർഷം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണത്തിനായി കൗൺസിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. വിശദാംശം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | കൗൺസിലിന് കീഴിൽ വരുന്ന ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് നൽകുന്നതിന് ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (സി) | 2008-2009വർഷത്തിൽ പ്ലാൻ ഇനത്തിൽ 4345ലക്ഷം രൂപ വകയിരുത്തി യിട്ടുള്ള തിൽ ഗവേഷണ സ്ഥാപനങ്ങൾക്കായി 2100ലക്ഷം രൂപയും, സി.ഡബ്ള്യൂ. ആർ.ഡി.എം.ന്റെ ട്രെയിനിങ്ങിനുള്ള സ്പെഷ്യൽ അസിസ്റ്റൻസ് ആയി 20 ലക്ഷം രൂപയും നോൺ-പ്ലാൻ ഇനത്തിൽ 2024.52ലക്ഷം രൂപ വകയിരു ത്തിയിട്ടുള്ളതിൽ ഗവേഷണ സ്ഥാപന ങ്ങൾക്കായി 1900ലക്ഷം രൂപയും നീക്കി വെച്ചിരിക്കുന്നു. |
| (ഡി) | സി.ഡബ്ള്യൂ.ആർ.ഡി.എം. ജലപരി ശോധനയ്ക്കായി സ്ഥാപിച്ചിട്ടുള്ള ലബോറട്ടറികളുടെ പ്രവർത്തനം ഊർജ്ജിത പ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം-3 ആയി ചേർത്തി രിക്കുന്നു. |

(തുടർച്ച . . . .2)

| | | | |
|---|---|---|---|
| (ഈ) | പുതുതായി എന്തെങ്കിലും പദ്ധതികൾ പരിസ്ഥിതി കൗൺസിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഈ) | ഉണ്ട്. കേരള മിനറൽസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവയോൺ മെന്റൽ സയൻസ് ആന്റ് ടെക്നോളജി, ബാർ കോഡിംഗ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളും എൻവയോൺമെന്റൽ മോണിട്ടറിംഗ് പ്രോഗ്രാം, വില്ലേജ് സയൻസ് സെന്റർ, തീരദേശ സംരക്ഷണത്തിനായി ബയോ ഷീൽഡ് തുടങ്ങിയ പ്രോഗ്രാമുകളും ഇവയിൽ ഉൾപ്പെടും. |

സെക്ഷൻ ഓഫീസർ.

അനുബന്ധം-1

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

**കഴിഞ്ഞ രണ്ടു വർഷം നടപ്പിലാക്കിയ പദ്ധതികൾ/നേട്ടങ്ങൾ**

1. വടക്കൻ കേരളത്തിലെ ഏറ്റവും വലിയ സസ്യോദ്യാനമായ മലബാർ ബൊട്ടാണിക് ഗാർഡൻ പൊതുജനങ്ങൾക്കായി തുറന്നു.
2. കാൻസർ ചികിത്സയിലെ റേഡിയേഷൻ മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങൾ ലഘൂകരിക്കാൻ ഉതകുന്ന ഹെർബൽ പ്രോഡക്റ്റ്സ് വികസിപ്പിച്ചെടുത്തു.
3. ഏകദേശം 70 ഗ്രാമപഞ്ചായത്തുകളിൽ ആഹാരത്തിനും ഔഷധങ്ങൾക്കുമായി ഉപയോഗിക്കുന്ന സസ്യജാലങ്ങളെ സംബന്ധിക്കുന്ന പരമ്പരാഗത വിവരങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിച്ചു.
4. ഉപഗ്രഹങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ മുഴുവനായുള്ള പരിസ്ഥിതി സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി.
5. ഏകദേശം ഇരുന്നൂറ്റിയൻപതോളം അത്യാധുനിക ഗവേഷണങ്ങൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി.
6. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും, കേരള സർവ്വകലാശാലയുടേയും സഹായത്തോടെ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജി സെന്റർ സ്ഥാപിച്ചു.
7. പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണത്തിനായി ഏകദേശം 3500 വിദ്യാലയങ്ങളിൽ ദേശീയ ഹരിത സേന രൂപീകരിച്ചു.
8. മലമ്പുഴയിലും, നെയ്യാറിലും പങ്കാളിത്ത ജലസേചന മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കി.
9. ശാസ്ത്ര പോഷിണി സ്കീമുകളുടെ ഭാഗമായി കൂടുതൽ വിദ്യാലയങ്ങളിൽ മാതൃകാ പരീക്ഷണശാലകൾ ആരംഭിച്ചു.
10. ഗ്രാമീണ സാങ്കേതിക വിദ്യകൾ പരിപോഷിപ്പിക്കുന്നതിനായി കൂടുതൽ പദ്ധതികൾ.
11. കേരളത്തിലെ പരിസ്ഥിതിയുടെ ഏറ്റവും പുതിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ് ഓഫ് ദി എൻവയോൺമെന്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.
12. ശാസ്ത്രം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി സയൻസ് പോപ്പുലറൈസേഷൻ സ്കീമുകൾ ആവിഷ്കരിച്ചു.

13. കടലാസ് വ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുവായ പൾപ്പ് നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമായ മുളയുടെ ഒരു പ്രത്യേക വിഭാഗം കണ്ടെത്തി.

14. സി.ഡബ്ല്യു.ആർ.ഡി.എമ്മിലെ വാട്ടർ ഹെറിറ്റേജ് മ്യൂസിയം ജനങ്ങൾക്കായി സമർപ്പിച്ചു.

15. അത്യാധുനിക സെൻട്രൽ വാട്ടർ അനാലിസിസ് ലബോറട്ടറിയും, ഐസോടോപ് ഹൈഡ്രോളജി ലബോറട്ടറിയും സി.ഡബ്ല്യു.ആർ.ഡി.എമ്മിൽ സ്ഥാപിച്ചു.

16. സംസ്ഥാനത്തെ ആദ്യത്തെ ഗണിത ശാസ്ത്ര ഗവേഷണ കേന്ദ്രം പ്രവർത്തനക്ഷമമായി.

17. ഡി.എൻ.എ. ബാർകോഡിങ് സെന്റർ ആരംഭിച്ചു.

SO.

(i) പരിസ്ഥിതി സംരക്ഷണത്തിനായി കേരളത്തിൽ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ താഴെ കാണുന്ന കാര്യങ്ങൾ നടത്തിവരുന്നു.

I പരിസ്ഥിതി അവബോധം ഉണ്ടാക്കുന്നതിനായി

- സ്കൂൾ വിദ്യാർത്ഥികളിൽ ദേശീയ ഹരിതസേനയുടെ പ്രവർത്തനം 3500 സ്കൂളുകളിൽ നടത്തിവരുന്നു.
- പരിസ്ഥിതിക്ക് പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുന്നതിനായി സർക്കാർ സർക്കാരിതര ഏജൻസികൾക്ക് സാമ്പത്തിക സഹായവും നൽകിവരുന്നു. 2005-06 വർഷം വരെ ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടിയുടെ (NEAC) ഭാഗമായി സംസ്ഥാനത്തെ വിവിധ ഏജൻസികൾക്ക് സാമ്പത്തിക സഹായം കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നൽകിയിട്ടുണ്ട്.

II സംസ്ഥാനത്തെ ജലഗുണനിലവാരം പരിശോധിക്കുന്നതിനായി 2006 ഏപ്രിൽ മുതൽ (Environmental Monitoring Programme) സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സമാനമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

III കേരളത്തിലെ 3500 സ്കൂളുകളിൽ കേന്ദ്ര സഹായത്തോടുകൂടി ദേശീയ ഹരിതസേനയുടെ പേരിൽ Eco club കൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി ബോധവൽക്കരണം നൽകിവരുന്നു.

IV പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിനായി വിവിധ സർക്കാർ സർക്കാരിതര ഏജൻസികൾക്ക് അവർ നൽകുന്ന അപേക്ഷ സ്വീകരിച്ച് വിദഗ്ദ്ധ സമിതിയുടെ ശുപാർശ പ്രകാരം സാമ്പത്തിക സഹായം നൽകിവരുന്നു.

V സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം : ശാസ്ത്ര സാങ്കേതിക സംബന്ധിയായ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിനുവേണ്ടി സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം എന്ന സ്കീം നടപ്പിലാക്കിയിട്ടുണ്ട്. പ്രകൃതി വിഭവസംരക്ഷണം, പരിസ്ഥിതി പരിപാലനം തുടങ്ങിയ മേഖലകളുടെ ബോധവൽക്കരണവും ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ്.

VI Schemes for promoting S&T related Seminar/Symposia/Workshop : വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സർവ്വകലാശാലകൾ, അവയുടെ കീഴിലുള്ള വകുപ്പുകൾ സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന ശാസ്ത്ര സാങ്കേതിക സംബന്ധിയായ സെമിനാറുകൾ, ശില്പശാലകൾ മുതലായവയുടെ പ്രോത്സാഹനാർത്ഥം നടപ്പിലാക്കിയിട്ടുള്ള സ്കീം ആണിത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ഇതിൽ ഉൾപ്പെടും.

# ജല പരിശോധന [illegible] ലബോറട്ടറി

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ ജലവിഭവ വികസന വിനിയോഗ കേന്ദ്രം (സി.ഡബ്ല്യു.ആർ.ഡി.എം.) കേരളത്തിലെ പ്രധാനപ്പെട്ട നദീതടങ്ങളിലെ ഉപരിതല ഭൂഗർഭ സ്രോതസ്സുകളുടെ ഭൗതികവും രാസപരവും ജൈവപരവുമായ ഗുണനിലവാരം കാലഭേദമനുസരിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന ഒരു ബൃഹത്പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ജലഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ അത്യന്താധുനിക ഉപകരണങ്ങളായ ആറ്റമിക് അബ്സോർപ്ഷൻ സ്പെക്ട്രോമീറ്റർ (ഘനലോഹങ്ങളുടെ പരിശോധനയ്ക്ക്), ഗ്യാസ് ക്രൊമറ്റോഗ്രാഫ് (കീടനാശിനികളുടെ പരിശോധനയ്ക്ക്) എന്നിവ കൂടാതെ കമ്പ്യൂട്ടറൈസ്ഡ് ഇലക്ട്രോ കെമിക്കൽ ട്രേസ് അനാലിസിസ് സിസ്റ്റം, യു.വി/വിസിബിൾ സ്പെക്ട്രോ ഫോട്ടോമീറ്റർ എന്നിവ ഈ ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഇതിനു പുറമേ കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും സംയുക്ത സഹകരണത്തോടെ ഈ കേന്ദ്രത്തിൽ നവീനങ്ങളായ താഴെ പറയുന്ന ഉപകരണങ്ങൾ ജലപരിശോധനയ്ക്കായി സജ്ജീകരിച്ചിരിക്കുന്നു.

i. ഐസോടോപ്പ് റേഷ്യോ മാസ്സ് സ്പെക്ട്രോമീറ്റർ
ii. ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ
iii. അയൺ ക്രോമാറ്റോഗ്രാഫ്

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.324 08-07-08 ൽ മറുപടിക്ക്

ട്രസ്റ്റുകളുടെ പ്രവർത്തനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി.തിലോത്തമൻ<br>ശ്രീ.ബാബു പോൾ<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ | ശ്രീ.എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു പ്രവർത്തനം നടത്തി വരുന്ന എത്ര ട്രസ്റ്റുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ; ഓരോ ജില്ലയിലും എത്ര വീതം ; | (എ) നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) ഈ ട്രസ്റ്റുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ എന്തെങ്കിലും സംവിധാനങ്ങളോ നിയമങ്ങളോ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ? | (ബി) 1882ലെ ഇന്ത്യൻ ട്രസ്റ്റ് ആക്ട്, 1920ലെ ചാരിറ്റബിൾ ആന്റ് റിലീജിയസ് ട്രസ്റ്റ് എന്നിവയാണ് ട്രസ്റ്റുകളുമായി ബന്ധപ്പെട്ട നിയമങ്ങൾ. ഇക്കാര്യത്തിൽ കൂടുതൽ നിയമ നിർമ്മാണം ആവശ്യമാണോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചു വരുന്നു. |

K. Mohanadas (signature)

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 325 — 08-07-2008-ൽ മറുപടിക്ക്

**നിയമാനുസൃത സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒടുക്കാതെയുള്ള ആധാരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.അനിരുദ്ധൻ: | ശ്രീ.എസ്.ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നിയമാനുസൃത സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒടുക്കാതെ വസ്തു സംബന്ധമായ ആധാരങ്ങൾ ധാരാളമായി ചമയ്ക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) നിയമാനുസൃത സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒടുക്കാതെ വസ്തു സംബന്ധമായ ആധാരങ്ങൾ ധാരാളമായി ചമയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുദ്രപത്ര നിയമാനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒടുക്കാത്ത ആധാരങ്ങൾ ബന്തവസ് ചെയ്തു നടപടി സ്വീകരിച്ചുവരുന്നു. വിലകുറച്ചു കാണിക്കുന്ന ആധാരങ്ങളുടെ കാര്യത്തിൽ അണ്ടർ വാല്യുവേഷൻ നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) വസ്തു വില്പന കരാറുകൾ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഫിനാൻസ് ആക്ട് 2007 പ്രകാരം കേരള മുദ്രപത്ര നിയമത്തിൽ വരുത്തിയ ഭേദഗതിയനുസരിച്ച് ഫ്ളാറ്റുകളുടെ നിർമ്മാണം സംബന്ധിച്ച് ചമയ്ക്കുന്ന കരാറുകൾക്ക് വിലയാധാരത്തിന്റെ നിരക്കിൽ മുദ്രവില ആവശ്യമാണ്. അതുപോലെ ഫ്ളാറ്റുകളുടെ കൈമാറ്റ ആധാരത്തിൽ ഫ്ളാറ്റുകളുടെ വിലയും പ്രതിഫല തുകയിൽ കാണിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, സഹോദരങ്ങൾ എന്നിവർക്ക് ഒഴികെ നൽകുന്ന വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട മുക്ത്യാറുകൾക്ക് വിലയാധാരത്തിന്റെ നിരക്കിൽ മുദ്രവില ആവശ്യമാണ്. നികുതിച്ചോർച്ച തടയുക എന്ന ലക്ഷ്യത്തോടെയാണ് മേൽപറഞ്ഞ നടപടികൾ സ്വീകരിച്ചുവരുന്നത്. |
| (സി) ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ പൂർണ്ണമായും കുറ്റമറ്റതാണെന്ന് ബോദ്ധ്യമുണ്ടോ; ഇല്ലെങ്കിൽ രജിസ്ട്രേഷൻ ചട്ടങ്ങളിലും നടപടികളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് സന്നദ്ധമാകുമോ ? | (സി) നിയമാനുസൃത സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒടുക്കാതെ ചമയ്ക്കുന്ന ആധാരങ്ങളെ തടയുന്നതിന് നിലവിലുള്ള നിയമ നടപടികളിലെ പോരായ്മ കുറ്റമറ്റതാക്കാൻ കാലാനുസൃതമായ ഭേദഗതികൾ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 326</u> — <u>08-07-2008 ൽ മറുപടിയ്ക്ക്.</u>

<u>സ്വകാര്യ മേഖലയിൽ വിമാനത്താവളങ്ങൾ</u>

| ചോദ്യം:<br>ശ്രീ.കെ.ശിവദാസൻനായർ | ഉത്തരം<br>ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ).കേരളത്തിൽ സ്വകാര്യമേഖലയിൽ വിമാനത്താവളങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ ; | (എ). ഇല്ല. |
| (ബി). പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നയമെന്താണ് ;<br><br>(സി). എവിടെയെല്ലാമാണ് സ്വകാര്യ മേഖലയിൽ വിമാനത്താവളങ്ങൾക്ക് അപേക്ഷ ലഭിച്ചിട്ടുള്ളത് ? | (ബി) യും (സി)യും.<br>വിമാനത്താവള നിർമ്മാണം കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്ന വിഷയമായതിനാൽ സംസ്ഥാന സർക്കാരിന് ഇത് സംബന്ധിച്ച് നയം രൂപപ്പെടുത്താൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.327. 8.7.2008- ൽ മറുപടിയ്ക്ക്

ഉൾനാടൻ മത്സ്യോല്പാദന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. പി.വിശ്വൻ :

ശ്രീ.വി.എൻ.വാസവൻ :

ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :

ശ്രീ.എ.പ്രദീപ് കുമാർ :

ശ്രീ.എം.കെ.പുരുഷോത്തമൻ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യോല്പാദന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തിന്റെ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സർക്കാർ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഏഴ് കർമ്മസമിതികൾ രൂപീകരിച്ചു. ഈ ഏഴ് കർമ്മസമിതികളിൽ ഒരെണ്ണം ഉൾനാടൻ മത്സ്യമേഖലയും മത്സ്യകൃഷിയും പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ ശുപാർശ ചെയ്യുന്നതിലേക്കുള്ളതാണ്. കർമ്മസമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണ്. ഉൾനാടൻ മത്സ്യോല്പാദനം അടുത്ത മൂന്ന് വർഷം കൊണ്ട് രണ്ട് ടൺ ആയി ഉയർത്തുന്നതിലേക്ക് 'മത്സ്യകേരളം' എന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ 700 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് 10000 ഹെക്ടർ പ്രദേശത്ത് ജലകൃഷി വൈവിദ്ധ്യ പദ്ധതികൾ ആരംഭിക്കുന്നതിനാണ് മത്സ്യകേരളത്തിൽ വിഭാവന |

| | |
|---|---|
| | ചെയ്തിരിക്കുന്നത്. കൂടാതെ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കൂട്ടായ സംരംഭത്തോടെ ശുദ്ധജല കർഷകവികസന ഏജൻസികൾ, ഓരുജല മത്സ്യ കർഷകവികസന ഏജൻസികൾ വഴി ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷിയും ഓരുജല മത്സ്യ/ചെമ്മീൻ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സാമ്പത്തികസഹായം, ശാസ്ത്രീയ പരിശീലനം എന്നിവ നൽകി വരുന്നു.<br>മത്സ്യവകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന അഡാക്ക് എന്ന ഏജൻസിവഴി ഉൾനാടൻ മത്സ്യോല്പാദന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.<br>1. കുട്ടനാടൻ മേഖലയിലെ പാടശേഖരങ്ങളിൽ 'ഒരുനെല്ലും ഒരു മീനും' എന്ന പദ്ധതി<br>2. പൊക്കാളി പാടശേഖരങ്ങളിൽ സുസ്ഥിര ചെമ്മീൻ കൃഷി പദ്ധതി<br>3. കോൾ നിലങ്ങളിലെ മത്സ്യകൃഷി പദ്ധതി<br>4. ഉൾനാടൻ കായൽ പ്രദേശത്ത് വനിതാസ്വയംസഹായ സംഘങ്ങൾ വഴി നടപ്പാക്കി വരുന്ന കല്ലുമ്മേക്കായ കൃഷിക്കുള്ള പദ്ധതി.<br>ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ മത്സ്യഫെഡ് വഴി ആലപ്പുഴ കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ആറു ജില്ലകളിൽ കർഷകർക്ക് സാമ്പത്തികസഹായം നൽകി ആറ്റുകൊഞ്ച് കൃഷിയും നട |

| | |
|---|---|
| | പ്പാക്കുന്നു.<br>അലങ്കാരമത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഫിർമ' എന്ന ഏജൻസി വഴിയും സർക്കാർ നടപടികൾ എടുത്തുവരുന്നു. ഇതിന്റെ ഭാഗമായി ആലുവയിൽ കടുങ്ങല്ലൂരിൽ അക്വാടെക്നോളജി പാർക്കിന്റെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സാറ്റലൈറ്റ് ഫാമുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>ഇവ കൂടാതെ പൊതുജലാശയങ്ങളിലും റിസർവോയറുകളിലും അഴിമുഖങ്ങളിലും മത്സ്യ/ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സാമൂഹ്യ മത്സ്യകൃഷി, സീ റാഞ്ചിംഗ് പദ്ധതികളും മത്സ്യവകുപ്പ് നടപ്പാക്കി വരുന്നു. ഉൾനാടൻ ജലാശയങ്ങളിലെ അനധികൃത മത്സ്യബന്ധനം, ഏറ്റംകെട്ടൽ എന്നിവ ഫലപ്രദമായി തടയുന്നതിനായി പട്രോളിംഗ് വിഭാഗത്തെ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങൾക്ക് സുരക്ഷിതമായി ശൈശവദിശ കഴിച്ചുകൂട്ടുന്നതിനുതകുന്ന രീതിയിൽ കണ്ടൽ വനവത്ക്കരണവും സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. |
| (ബി) ചെമ്മീൻ കൃഷിക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനവുമാണ് നൽകുന്നത് ; | (ബി) സംസ്ഥാനത്ത് ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു ;<br>1. ഓരുജല മത്സ്യകർഷക ഏജൻസികൾ വഴി 2 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലങ്ങളിൽ |

| | |
|---|---|
| | ചെമ്മീൻ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 40000/- രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുന്നു.<br>2. ചെമ്മീൻ കൃഷി നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം ഈ ഏജൻസികൾ കർഷകർക്കു നൽകുന്നു.<br>3. ചെമ്മീൻ കൃഷി ചെയ്യാൻ തൽപരരായവർക്ക് സ്റ്റൈപ്പന്റോടുകൂടി ശാസ്ത്രീയ പരിശീലനം നൽകുന്നു.<br>4. പൊക്കാളി പാടശേഖരങ്ങളിൽ അഡാക്ക് നടപ്പാക്കിവരുന്ന സുസ്ഥിര ചെമ്മീൻ കൃഷി പദ്ധതി പ്രകാരം കർഷകർക്ക് അടിസ്ഥാന സൗകര്യവികസനം, കൃഷി എന്നിവയ്ക്കായി സാമ്പത്തികസഹായവും പരിശീലനവും നൽകുന്നു.<br>5. ചെമ്മീൻ കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് അഡാക്കിന്റെ ഉടമസ്ഥതയിൽ കുമ്പളങ്ങി, പറവൂർ എന്നിവിടങ്ങളിലായി പി.സി.ആർ. ലബോറട്ടറികൾ പ്രവർത്തിക്കുന്നു.<br>6. കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള ചെമ്മീൻ കുഞ്ഞുങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന മത്സ്യവകുപ്പ്, ഓരുജലമത്സ്യകർഷക വികസന ഏജൻസി, അഡാക്ക്, മത്സ്യഫെഡ് എന്നിവയുടെ അധീനതയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. |

| | |
|---|---|
| (സി) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; | (സി)<br>1. സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനം ലക്ഷ്യമിട്ട് വിവിധ ജലകൃഷി രീതികൾ ശാസ്ത്രീയമായി പരിശീലിപ്പിക്കുന്നതിന് 78.58 ലക്ഷം രൂപ ദേശീയ മത്സ്യവികസന ബോർഡ് അനുവദിക്കുകയും ആലുവായിലുള്ള കടുങ്ങല്ലൂരിൽ മത്സ്യവകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന നിഫാം എന്ന ട്രെയിനിംഗ് സ്ഥാപനം വഴി കർഷകർക്ക് വിദഗ്ദ്ധ പരിശീലനം നടത്തി വരികയും ചെയ്യുന്നു.<br>2. ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ആറു ജില്ലകളിൽ ഒരു ഹെക്ടറിന് 12000/- രൂപ സബ്സിഡിയോടുകൂടി ആറ്റുകൊഞ്ച് കൃഷി നടപ്പാക്കി വരുന്നു. ദേശീയ മത്സ്യവികസനബോർഡിൽനിന്നും ലഭിച്ച 18 ലക്ഷം രൂപയും സംസ്ഥാനസർക്കാർ അനുവദിച്ച 6 ലക്ഷം രൂപയും ചേർത്ത് 24 ലക്ഷം രൂപയുടെ പദ്ധതിയാണിത്. |
| (ഡി) ബോർഡിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; | (ഡി) ദേശീയമത്സ്യവികസന ബോർഡിന്റെ സഹായം ലഭ്യമാകുന്നതിനായി താഴെപറയുന്ന പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്.<br>1. പാലക്കാട് ജില്ലയിലെ 7 റിസർവോയറുകളിൽ സൊസൈറ്റികൾ വഴി മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഈ പദ്ധതി അടുത്ത 5 വർഷങ്ങൾകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശമിട്ടി |

| | |
|---|---|
| | ട്ടുള്ളത്. 3.19 കോടി രൂപയുടെ പദ്ധതിയാണ് ബോർഡിന് സമർപ്പിച്ചിട്ടുള്ളത്.<br>2. അലങ്കാര മത്സ്യകൃഷി പരിശീലനത്തിനും ട്രൗട്ട് ഫിഷറി ഹാച്ചറിക്കും സാമ്പത്തികസഹായം അഭ്യർത്ഥിച്ചുകൊണ്ട് 'ഫിർമ'യും ബോർഡിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്.<br>3. ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായം ലഭ്യമാക്കുന്നതിനായി അഡാക്ക് താഴെ പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.<br>i) കുളങ്ങൾ, വെള്ളക്കെട്ടുകൾ, പാടശേഖരങ്ങൾ എന്നിവയിലെ ആറ്റുകൊഞ്ച് കൃഷി വികസന പദ്ധതി.<br>ii) കടലോര പ്രദേശങ്ങളും കായൽ പ്രദേശങ്ങളും സർവ്വേ നടത്തി കടൽപായൽ കൃഷി നടത്തുന്നതിനുള്ള പദ്ധതി.<br>iii) തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട റിസർവോയറുകളിൽ മത്സ്യകൃഷി നടപ്പാക്കുന്നതിനുള്ള പദ്ധതി.<br>iv) കായലുകളിലെ മത്സ്യ/ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കായലുകളിൽ മത്സ്യവിത്തു നിക്ഷേപിക്കുന്ന പദ്ധതി.<br>4. മത്സ്യഫെഡ് ബോർഡിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>i) കാളാഞ്ചി, കരിമീൻ എന്നീ മത്സ്യങ്ങളെ കൂടുകളിൽ വളർത്തുന്നതിനുള്ള പദ്ധതി.<br>ii) ഞണ്ട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള |

| | |
|---|---|
| | പദ്ധതി.<br>iii) കണ്ണൂർ മാപ്പിളബേയിൽ അലങ്കാര മത്സ്യ കൃഷി വികസനത്തിനുള്ള പദ്ധതി. |
| (ഇ) കൂടുതൽ ജലാശയങ്ങളിലേയ്ക്ക് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) കൂടുതൽ ജലാശയങ്ങളിലേയ്ക്ക് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള 'മത്സ്യ കേരളം' പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീ കാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 328

8. 07. 2008-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം

ചോദ്യം

മറുപടി

ശ്രീ.എ.എം.ആരിഫ്
ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.കെ.വി. അബ്ദുൾ ഖാദർ
ശ്രീ.ബി.രാഘവൻ

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) വിശദമാക്കാം.<br>1. 13-9-2007 ന് കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുകയും നിയമസഭ ബിൽ സെലക്ട് കമ്മിറ്റിയുടെ സത്വര പരിശോധനയ്ക്ക് വിടുകയും ചെയ്തു.<br>2. സെലക്ട് കമ്മിറ്റി 9 തീരദേശ ജില്ലകളിലും കോട്ടയത്തും വച്ച് തെളിവെടുപ്പുകൾ നടത്തുകയുണ്ടായി.<br>3. സെലക്ട് കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് ഒരു സർവ്വേ നടത്തി.<br>4. തെളിവെടുപ്പ് ഘട്ടത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി സെലക്ട് കമ്മിറ്റി ശുപാർശ ചെയ്ത ബില്ല് 2008 മാർച്ച് മാസത്തിൽ നിയമസഭ ചർച്ച ചെയ്ത് ഏകകണ്ഠമായി പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് 2008 ലെ 18-ാം ആക്ടായി നിലവിൽ വന്നു.<br>5. ടി നിയമത്തിന്റെ ചട്ടങ്ങൾക്ക് സർക്കാർ വിജ്ഞാപനമായതിനുശേഷം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഉടൻ നിലവിൽ വരുന്നതാണ്. |
| ബി) കടാശ്വാസ കമ്മീഷൻ എന്ന് നിലവിൽ വരുമെന്ന് അറിയിക്കുമോ? | ബി) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമപ്രകാരമുള്ള ചട്ടങ്ങൾക്ക് സർക്കാർ വിജ്ഞാപനമായതിനുശേഷം കമ്മീഷൻ താമസിയാതെ നിലവിൽ വരുന്നതാണ്. |
| സി) മത്സ്യത്തൊഴിലാളികൾ ഏതെല്ലാം ബാങ്കുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത്. | സി) 1. ഭാരതീയ സ്റ്റേറ്റ് ബാങ്ക്<br>2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സബ്സിഡിയറി/അസ്സോസിയേറ്റ് ബാങ്കുകൾ<br>3. ദേശസാൽകൃത ബാങ്കുകൾ<br>4. ഷെഡ്യൂൾഡ് ബാങ്കുകൾ<br>5. വായ്പാ സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| ഡി) കേന്ദ്ര കടാശ്വാസ നിയമത്തിന്റെ ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | ഡി) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച കാർഷിക വായ്പാ എഴുതി തള്ളൽ/കാർഷിക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്കും. മത്സ്യകർഷകർക്കും ലഭിക്കുന്നതാണ്. ഷെഡ്യൂൾഡ് വാണിജ്യബാങ്കുകൾ, ലോക്കൽ ഏരിയ ബാങ്കുകൾ, സഹകരണ വായ്പാ സ്ഥാപനങ്ങൾ എന്നിവ മത്സ്യത്തൊഴിലാളികൾക്കും, ചെറുകിട/ഇടത്തരം/മറ്റു കർഷകർക്കും നൽകുന്ന വായ്പകളാണ് പദ്ധതി ആനുകൂല്യത്തിന്റെ പരിധിയിൽ വരുന്നത്. മത്സ്യത്തൊഴിലാളികൾ/മത്സ്യകർഷകർ 50,000 രൂപയിൽ കവിയാത്ത നിക്ഷേപ വായ്പ എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത വായ്പകൾ എഴുതി തള്ളുന്നതിന് അർഹമാണ്. 50000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കലിനു വിധേയമായി. ആനുകൂല്യം ലഭിക്കുന്നതാണ്. 1997 മാർച്ച് 31 മുതൽ 2007 മാർച്ച് 31 വരെ വിതരണം ചെയ്യപ്പെട്ടതും, 2007 ഡിസംബർ 31 ലെ കണക്കുപ്രകാരം പണമടവ് ബാക്കി നിൽക്കുന്നതും 2008 ഫെബ്രുവരി 29 വരെ അടയ്ക്കാതെ ബാക്കി നിൽക്കുന്നതുമായ തുകകൾക്കാണ് പദ്ധതി പ്രകാരമുള്ള എഴുതി തള്ളലും കടാശ്വാസവും ലഭിക്കുന്നത്. ഫങ്ഷണൽ സൊസൈറ്റികളിൽ നിന്നെടുത്ത വായ്പകൾക്ക് ആനുകൂല്യം ലഭിക്കില്ലെന്നുള്ള 'നബാർഡ്' വിശദീകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഫിഷർമെൻ സൊസൈറ്റികളെ കേന്ദ്ര കടാശ്വാസ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താനാവും വിധം നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് മന്ത്രിസഭ തന്നെ ചർച്ച ചെയ്ത് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: T *329 — 8/7/2008ന് മറുപടിക്ക്

# മലയാള ഭാഷാ പഠന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ :<br>ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീ.രാജാജി മാത്യു തോമസ്:<br>ശ്രീ.കെ.അജിത്:<br>ശ്രീ എ.കെ.ചന്ദ്രൻ: | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ലോകത്ത് മലയാളികളു-ള്ളിടത്തെല്ലാം മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് ശ്രീ.ഒ.എൻ.വി.കുറിപ്പ് ചെയർമാനായുള്ള സമിതി നിർദ്ദേശിച്ചിട്ടുണ്ടോ; സമിതിയുടെ മറ്റ് നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. മലയാളം മിഷൻ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റ് ചർച്ച ചെയ്തിട്ടുണ്ടോ; സമിതിയുടെ നിർദ്ദേശങ്ങളോടുള്ള സമീപനം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മലയാളം മിഷൻ റിപ്പോർട്ട്-2008 18.6.2008-ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകരിച്ചു. 24.6.2008-ലെ സ.ഉ.(അച്ചടിച്ചത്)നം:07/08/ഉഭപവ പ്രകാരം മലയാളം മിഷൻ രൂപീകരിക്കുന്നതിനു ഭരണാനുമതി നൽകി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) മാതൃഭാഷാ പഠനം ഊർജ്ജസ്വലമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെ-ന്ന് വിശദമാക്കുമോ? | (സി) | ഡൽഹിയിലും സമീപ പ്രദേശങ്ങളിലുമുള്ള മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷയും കേരള സംസ്കാരവും പഠിക്കുന്നതിനായി, മലയാള ഭാഷാ പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കേന്ദ്രങ്ങളിൽ തുടങ്ങേണ്ട ഓരോ വർഷം ദൈർഘ്യമുള്ള മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്, മലയാളം ഡിപ്ലോമ കോഴ്സ്, മലയാളം ഹയർ ഡിപ്ലോമ കോഴ്സ് എന്നിവയുടെ പാഠ്യപദ്ധതിക്ക് അംഗീകാരം നൽകിക്കൊണ്ടും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ മലയാള |

2

ഭാഷാ പഠനം ഊർജ്ജസ്വലമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. മാതൃഭാഷാപഠനം ഊർജ്ജസ്വലമാക്കുന്നതിന് മലയാളം മിഷൻ വിദഗ്ദ്ധസമിതി നൽകിയ നിർദ്ദേശങ്ങളും സർക്കാരിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ

# മലയാളം മിഷൻ റിപ്പോർട്ട്

# 2008

മറുനാടൻ മലയാളികളുടെ കുട്ടികളെ മലയാള ഭാഷയും കേരള സംസ്കാരവും പഠിപ്പിക്കുന്നതിന് കേരള സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വകുപ്പിന്റെ കീഴിൽ ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മലയാളം മിഷൻ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞ് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രൊഫ.ഒ.എൻ.വി.കുറുപ്പ്, ചെയർമാനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ.

1. ലോകത്തിൽ മലയാളികൾ ഉള്ളിടത്തെല്ലാം മലയാള ഭാഷാ പഠന കേന്ദ്രങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മലയാളം മിഷന്റെ വികസന സാധ്യത അനന്തമാണ്.
2. മലയാളം സർട്ടിഫിക്കറ്റ്കോഴ്സ്, മലയാളം ഡിപ്ലോമ കോഴ്സ്, മലയാളം ഹയർ ഡിപ്ലോമ കോഴ്സ് എന്നിങ്ങനെ ഓരോ വർഷം വീതം ദൈർഘ്യമുള്ള മൂന്നു കോഴ്സുകൾ തുടക്കത്തിൽ ആരംഭിക്കാവുന്നതാണ്. അവശ്യം പ്രതി പുതിയ കോഴ്സുകളും പാഠ്യപദ്ധതിയും പുസ്തകങ്ങളും തയ്യാറാക്കാവുന്നതാണ്.
3. കേരളത്തിനു പുറത്തുള്ള ഒരു കോടിയോളം വരുന്ന മലയാളികളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് പുരോഗമിക്കുന്ന ഭാഷാ-സംസ്കാര പഠനപദ്ധതിയാണിത്. പാഠ്യപദ്ധതി, പുസ്തകം, പഠന സാമഗ്രികൾ എന്നിവ സർക്കാർ നൽകുന്നു. സർക്കാർ പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണംചെയ്യുന്നതാണ്.
4. ഹയർ ഡിപ്ലോമ പാസാകുന്ന വിദ്യാർത്ഥികൾക്ക് കേരള സന്ദർശനത്തിനുള്ള സൗകര്യം ഒരുക്കും.
5. ഭാഷയുടെ സംയോജകശക്തി പ്രയോജനപ്പെടുത്തി, ബഹുജന പങ്കാളിത്തം ഉറപ്പാക്കി, ലോകത്തെമ്പാടുമുള്ള മലയാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവരാനും, അവരിൽ 'നമ്മളൊന്ന് ' എന്നബോധം ഉളവാക്കാനും മലയാള ഭാഷയുടെ സമഗ്ര വികസനത്തിന് അവരുടെ സഹായം നേടാനും 'മലയാളം മിഷൻ' കൊണ്ടു സാധിക്കും. കേരള

സർക്കാർ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ചെയ്യുന്ന മഹത്തായ ഒരു സേവനമാകും 'മലയാളം മിഷൻ'

6. മലയാളം മിഷന്റെ ഭരണ സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്. ബഹു:മുഖ്യമന്ത്രി (അധ്യക്ഷൻ), ഔദ്യോഗിക ഭാഷാവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ഉപാധ്യക്ഷൻ), ഡയറക്ടർ (കൺവീനർ), ധനകാര്യം, പൊതുവിദ്യാഭ്യാസം, നോർക്ക എന്നീ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ, മൂന്നു ഭാഷാവിദഗ്ധർ (അനൗദ്യോഗികാംഗങ്ങൾ) എന്നിവരടങ്ങിയ ഭരണസമിതി, മിഷന്റെ നയപരിപാടികൾക്കു രൂപവും പ്രവർത്തനങ്ങൾക്കു നേതൃത്വവും നൽകും. (24.6.08-ലെ സ.ഉ.(അച്ചടിച്ചത്)നം:07/08/ഉഭപവ പ്രകാരം ഭാഷാവിദഗ്ധരുടെ എണ്ണം അഞ്ചാക്കി ഉയർത്തിയിട്ടുണ്ട്.)

7. മലയാളം മിഷൻ ഓഫീസിന് പ്രാരംഭഘട്ടത്തിൽ താഴെച്ചേർക്കുന്ന ലളിതമായ സംവിധാനം മതിയാകും. ഡയറക്ടർ,രജിസ്ട്രാർ, സി.എ.(2), അസിസ്റ്റന്റ് എന്നിങ്ങനെ അഞ്ചു തസ്തികകൾ മാത്രം. ഓഫീസ് പ്രവർത്തനത്തിന്, മലയാളംമിഷൻ സ്വയം പര്യാപ്തത കൈവരിക്കുന്നതു വരെ നിയമസഭാ സെക്രട്ടേറിയറ്റിൽ ഒഴിഞ്ഞുകിടക്കുന്ന മുറികളിൽ രണ്ടെണ്ണം മിഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് വിട്ടുകൊടുക്കാവുന്നതാണ്.

8. ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഒരു സ്വയംഭരണ സ്ഥാപനമായി മിഷൻ പ്രവർത്തിക്കേണ്ടതാണ്. രജിസ്റ്റർ, ചെയ്യുന്നതിനാവശ്യമായ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, റൂൾസ് എന്നിവ വിദഗ്ധസമിതി തയ്യാറാക്കിയിട്ടുണ്ട്.

9. ഇപ്പോൾ ഡൽഹിയിലുള്ള മലയാള ഭാഷ പഠന കേന്ദ്രങ്ങൾക്കുവേണ്ടി അച്ചടിച്ചിട്ടുള്ള പുസ്തകങ്ങൾ, സ്റ്റോക്കു തീരുന്നതുവരെ, ആവശ്യമായ കൂട്ടിച്ചേർക്കലുകൾ പ്രത്യേകം അനുബന്ധമായി നൽകി ഉപയോഗിക്കേണ്ടതാണ്. പുതിയ പതിപ്പുകൾ പരിഷ്കരിച്ച് അച്ചടിക്കേണ്ടതാണ്.

10. പ്രവാസി മലയാളികളുടെ മൂന്നാം തലമുറയിലെ കുട്ടികളുടെയിടയിൽ എന്ന പോലെ, കേരളത്തിലുള്ള കുട്ടികളുടെ ഇടയിലും മാതൃഭാഷാ, നിരക്ഷരത വളർന്നു വരുന്നു എന്നതും സാഹചര്യം ഉണ്ടായിട്ടും മാതൃഭാഷാ നിരക്ഷരത ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു എന്നതും മനസ്സിലാക്കി, അതിന്റെ കാരണങ്ങൾ ആരാഞ്ഞ് അടിയന്തിരമായി പരിഹാരം കണ്ടെത്തുന്നതിനും മിഷൻ ചുമതലപ്പെട്ടിരിക്കുന്നു.

---

11. മാതൃഭാഷാപഠനം ഊർജസ്വലമാക്കുന്നതിന് സർക്കാർ മൂന്നു കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കണം.

1) പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമായും മാതൃഭാഷയിൽത്തന്നെ വേണ്ടതാണ്.

2) നേഴ്സറി ക്ലാസുകളിൽ മലയാളത്തിൽ മാത്രമേ പഠനം നടത്താവൂ. ഇംഗ്ലീഷ് മാധ്യമമായുള്ള പ്രൈമറി സ്കൂളുകളിൽ ആഴ്ചയിൽ രണ്ടു പീരിയഡു എങ്കിലും മാതൃഭാഷപഠനത്തിനും നീക്കിവയ്ക്കണം. ഇവിടെ വർഷാന്ത്യപരീക്ഷയിൽ മാതൃഭാഷയ്ക്ക് ഒരു പരീക്ഷ ഉണ്ടായിരിക്കേണ്ടതും കുട്ടികളുടെ ക്ലാസ്സുകയറ്റത്തിന് അതിലെ വിജയം നിർബന്ധമാക്കേണ്ടതുമാണ്.

12. മലയാളമിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി തുടക്കത്തിൽ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തേണ്ടതുമാണ്.

13. മലയാളം മിഷൻ, മന്ത്രിസഭയുടെ അംഗീകാരത്തോടെ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യുന്നതിനും ഓഫീസ് പ്രവർത്തനക്ഷമമാക്കുന്നതിനും ചെന്നൈയിലും മുംബെയിലും മലയാളഭാഷാപഠനകേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് മിഷന്റെ ഉദ്ഘാടനം നിർവഹിക്കുന്നതിനും കഴിയത്തക്കവിധത്തിൽ സത്വരമായി തീരുമാനവും നടപടികളും ഉണ്ടാകണമെന്ന് വിദഗ്ധസമിതി അഭ്യർത്ഥിച്ചു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 330 08-07-2008-ൽ മറുപടിക്ക്

**രജിസ്ട്രേഷൻ മേഖലയെ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.സി.എം.ദിനേശ് മണി:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.എ.സി.മൊയ്തീൻ:<br>ശ്രീ.സി.കെ.പി.പത്മനാഭൻ: | ശ്രീ.എസ്.ശർമ്മ<br>(മത്സ്യ ബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) രജിസ്ട്രേഷൻ മേഖലയെ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) രജിസ്ട്രേഷൻ നിയമത്തിലെ 2001 ലെ ഭേദഗതിക്കനുസൃതമായി 4.4.2007 ലെ 830-ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച4.5.2007 ലെ ആർ.ആർ.4-5446/2003 നമ്പർ ഉത്തരവനുസരിച്ച് സംസ്ഥാനത്ത് നിലവിലുള്ള രജിസ്ട്രേഷൻ ചട്ടഭേദഗതി അനുസരിച്ച് രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽ പതിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിലയാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഓരോ ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽ പതിപ്പിക്കണം.കൂടാതെ രജിസ്റ്ററിംഗ് ആഫീസർ മുമ്പാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന ആളുടെ അനന്യത സ്വയം ബോദ്ധ്യപ്പെടുന്നതിലേക്കായി ഇലക്ടറൽ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ,ഡ്രൈവിംഗ് ലൈസൻസോ, പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ് എന്നുള്ള വ്യവസ്ഥ സംസ്ഥാനത്ത് പ്രത്യേകമായി നടപ്പാക്കിയ പരിഷ്കാരമാണ്. കൈയ്യെഴുത്തായി ആധാരപ്പകർപ്പുകൾ എടുത്ത് നൽകുന്ന സമ്പ്രദായം മൂലം വന്നിരുന്ന വലിയ കാലതാമസം ഒഴിവാക്കുന്നതിലേക്കായി ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന നൂതന സംവിധാനം 309 സബ് രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം പ്രത്യേകമായി ഇതിനുവേണ്ടി വികസിപ്പിച്ചെടുത്തതാണ് 1959ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28A പ്രകാരവും അതിൻ കീഴിൽ നിർമ്മിച്ച 1995ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) റൂൾസ് പ്രകാരവും അതാത് പ്രദേശത്തെ ആർ.ഡി.ഓമാർ ഓരോ വില്ലേജിലെയും സർവ്വെ നമ്പർ, ലൊക്കാലിറ്റി എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ കര് |

| | |
|---|---|
| | ന്യായവില നിശ്ചയിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് സഹായകരമായ വിധത്തിൽ ഭൂമിയെ 15 ആയി തരംതിരിച്ചാണ് വിലനിർണ്ണയം നടത്തിയത്. ഭൂമിയുടെ ന്യായവില സംബന്ധിച്ച കരട് വിജ്ഞാപനം 06-06-'08 ലെ 872 ാം നമ്പർ അസാധാരണ ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>രജിസ്ട്രേഷൻ വകുപ്പിലെ എല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർ സംവിധാനം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. അതിൽ മൂന്ന് ഒഴികെ ബാക്കി 306 ഓഫീസുകളിലും കമ്പ്യൂട്ടർവൽകൃത പ്രവർത്തനം നടന്നുവരുന്നു. |
| (ബി) രജിസ്ട്രേഷൻ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) രജിസ്ട്രേഷൻ വകുപ്പിൽ പൗരാവകാശ രേഖ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. 04-06-'08 ൽ ഐ.എം.ജി. യിൽ വെച്ചുനടന്ന രജിസ്ട്രേഷൻ വകുപ്പുദ്യോഗസ്ഥരുടെ ശില്പശാലയിലാണ് പൗരാവകാശരേഖയുടെ പൂർണ്ണരൂപം തയ്യാറാക്കിയത്. ഐ.എം.ജി. യുടെ സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങളോടെ തയ്യാറാക്കിയ പൗരാവകാശ രേഖയ്ക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) എന്തെല്ലാം വിവരങ്ങളാണ് പൗരാവകാശ രേഖയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (സി) രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ, അവയ്ക്കുള്ള ഫീസ് നിരക്കുകൾ, ഓരോ സേവനവും ലഭിക്കാനുള്ള സമയ പരിധി, പ്രസ്തുത സമയപരിധിക്കുള്ളിൽ സേവനം ലഭിച്ചില്ലെങ്കിൽ പരാതി സമർപ്പിക്കേണ്ട അധികാരി, പരാതിയിലെ തീർപ്പിനെതിരെ അപ്പീൽ നൽകേണ്ട അധികാരിയുടെ വിവരങ്ങൾ, പൗരാവകാശ രേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യാനുള്ള ജനകീയ സമിതിയുടെ ഘടനയും യോഗം ചേരേണ്ടതിന്റെ നടപടിക്രമങ്ങളും എന്നീ വിവരങ്ങളാണ് പ്രധാനമായും പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) രജിസ്ട്രേഷൻ വകുപ്പ് പരാതി പരിഹാര അദാലത്ത് ആരംഭിച്ചിട്ടുണ്ടോ; അദാലത്തിൽ എന്തെല്ലാം ഉദ്യോഗസ്ഥരാണ് പങ്കെടുക്കുന്നത്; | (ഡി) രജിസ്ട്രേഷൻ വകുപ്പിൽ പരാതി പരിഹാര അദാലത്ത് ആരംഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ജില്ലാ രജിസ്ട്രാർമാർ, ബന്ധപ്പെട്ട സബ് രജിസ്ട്രാർ എന്നീ ഉദ്യോഗസ്ഥർ അദാലത്തിൽ പങ്കെടുക്കുന്നതാണ്. |
| (ഇ) എല്ലാ ജില്ലകളിലും നിശ്ചിത ദിവസം അദാലത്ത് കൂടുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ